For Private Circulation Only

December 2022

ആഗമനാധ്യാനം

HOLY BIBLE

Vol.69

" യേശു അവനോടു: ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു.... പിതാവിന്റെ അടുക്കൽ എത്തുന്നില്ല" (യോഹ. 14:6)

No.12

ക്രിസ്തു എല്ലാം ആകുന്നു

By Rich Carmicheal

ഈ അവസാന നാളുകളിൽ നാം നമ്മെത്തന്നേ ദുരുപദേശക്കാരുടെ പഠിപ്പിക്കലിനെതിരായിട്ട് പ്രതിരോധത്തോടെ നിലനില്ക്കേണം എന്ന് ദൈവത്തിന്റെ വചനം വ്യക്തമായിട്ടു നമ്മെ ഓർമ്മപ്പെടുത്തിയിരിക്കുകയാണ്. ഒരുദാഹരണം ആയിട്ട് അപ്പോസ്തലനായ പൌലോസ് എഴുതുന്നത്, "എന്നാൽ ഭാവികാലത്തു ചിലർ വ്യാജാത്മാക്കളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ആശ്രയിച്ചു ഭോഷ്കു പറയുന്നവരുടെ കപടത്താൽ വിശ്വാസം ത്യജിക്കും എന്നു ആത്മാവു തെളിവായി പറയുന്നു" (1 തിമോ. 4:1). അതുപോലെ തന്നേ വീണ്ടും പറയുകയാണ്, "ദുഷ്ട മനുഷ്യരും മായാവികളും വഞ്ചിച്ചും വഞ്ചിക്കപ്പെട്ടുംകൊണ്ടു മേൽക്കുമേൽ ദോഷത്തിൽ മുതിർന്നു വരും" (2 തിമോ. 3:13,14). അപ്പോസ്തലനായ യോഹന്നാൻ നമ്മെ പ്രബോധിപ്പിക്കുകയാണ് "പ്രിയമുള്ളവരേ, കള്ളപ്രവാചകന്മാർ പലരും ലോകത്തിലേയ്ക്കു പുറപ്പെട്ടിരിക്കയാൽ ഏതു ആത്മാവിനേയും വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിന്നുള്ളവയോ എന്നു ശോധന ചെയ്വിൻ" (1 യോഹ. 4:1). അപ്രകാരം തന്നേ അപ്പോസ്തലനായ പത്രോസും നമ്മെ ഗുണദോഷിക്കുകയാണ്, "എന്നാൽ പ്രിയമുള്ളവരേ, നിങ്ങൾ മുമ്പുകൂട്ടി അറിഞ്ഞിരിക്കകൊണ്ടു അധാർമ്മികളുടെ വഞ്ചനയിൽ കുടുങ്ങി സ്വന്ത സ്ഥിരതവിട്ടു വീണുപോകാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ" (2 പത്രോ.3:17).

സത്യത്തെ വളച്ച് ഒടിക്കുന്ന ഏതൊരു പ്രവൃത്തിക്കെതിരെയും ഉള്ള സകലത്തിനെതിരായിട്ടും നാം വളരെ ജാഗ്രതയുള്ളവരായിട്ട് മാറുക, പ്രത്യേകിച്ച് ക്രിസ്തുവിന്റെ പ്രവൃത്തിയും അതുപോലെ അവന്റെ വ്യക്തിത്വത്തിനു എതിരേയുള്ള സകല തെറ്റായ ഉപദേശങ്ങളേയും നമ്മൾ വളരെ ജാഗ്രതയോടു കൂടി എതിർത്തു നില്ക്കണം. ദൈവത്തിന്റെ നിത്യതയെകുറിച്ചുള്ള പദ്ധതിയും ലക്ഷ്യങ്ങളുടേയും കേന്ദ്രസ്ഥാനം അവൻ ആകയാൽ (എഫെ. 3:11), അവനെ കുറിച്ച് തന്നേയാണ് എല്ലാത്തരത്തിലുമുള്ള വഞ്ചനയുടേയും അതുപോലെ വളച്ചൊടിക്കലിന്റെയും കാര്യങ്ങൾ സംസാരിച്ചുകൊണ്ടിരിക്കുന്നത്. അവനെകുറിച്ചുള്ള ചില സത്യങ്ങൾ അതായത് അവന്റെ കന്യക ജനനം, അവന്റെ ദൈവീകത്വം, ദൈവപുത്രൻ എന്നുള്ള അവന്റെ പ്രത്യേകമായ സ്ഥാനം, അവൻ മാത്രമാണ് ഏകജാലകമായ മാനവരാശിയുടെ രക്ഷയെന്നും അതുപോലെ തന്നേ അവിടുന്ന് മടങ്ങി വരും എന്നുള്ള അവിടുത്തെ വാഗ്ദത്തത്തെ കുറിച്ചും അനേകം ആക്രമണങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

മുന്നോട്ടുള്ള ദിനങ്ങളിൽ നാം പ്രതീക്ഷയോടെ തന്നേ ഇരിക്കുകയാണ്. ക്രിസ്തുവിന്റെ പ്രവൃത്തിയെകുറിച്ചും അതുപോലെ അവിടുത്തെ വ്യക്തിത്വത്തേയും കുറിച്ചുള്ള തുടർമാനമായ ദുരുപദേശവും അതുപോലെ അതിന്റെ തീവ്രതയേയും, ഈ നിലയിലുള്ള ആക്രമണം ദീർഘകാലമായിട്ടു തുടർന്നുകൊണ്ടിരിക്കുന്നതുമാണ്. അപ്പോസ്തലനായ പൌലോസ്, ഒരു ഉദാഹരണത്തിന്, കൊരിന്ത്യർക്കുള്ള ലേഖനത്തിൽ അദ്ദേഹത്തിന്റെ കാഴ്ചപാടു പ്രകാരം പറയുകയാണ്. മനസ്സ് ക്രിസ്തുവിനോടുള്ള സമർപ്പണത്തിൽ നിന്നു മാറ്റപ്പെടാൻ സാദ്ധ്യത ഉള്ളതായിട്ട്, മറ്റൊരു സുവിശേഷത്തെ പ്രസംഗിച്ചു നടക്കുന്ന പ്രവർത്തകരെ കുറിച്ച്, "എന്നാൽ സർപ്പം ഹവ്വയെ ഉപായത്താൽ ചതിച്ചതുപോലെ നിങ്ങളുടെ മനസ്സു ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ടു വഷളായി പോകുമോ എന്നു ഞാൻ ഭയപ്പെടുന്നു. ഒരുത്തൻ വന്നു ഞങ്ങൾ പ്രസംഗിക്കാത്ത മറ്റൊരു യേശുവിനെ പ്രസംഗിക്കുകയോ നിങ്ങൾക്കു ലഭിക്കാത്ത വേറൊരു ആത്മാവെങ്കിലും നിങ്ങൾ കൈകൊള്ളാത്ത വേറൊരു സുവിശേഷമെങ്കിലും ലഭിക്കയോ ചെയ്യുമ്പോൾ നിങ്ങൾ പൊറുക്കുന്നതു ആശ്ചര്യം" (2 കൊരി.11:3-4). അപ്പോസ്തലനായ പത്രോസ് ദുരുപദേശക്കാരെ കുറിച്ച് മുന്നറിയിപ്പ് നല്കുന്നു. "എന്നാൽ കള്ള പ്രവാചകന്മാരും ജനത്തിന്റെ ഇടയിൽ ഉണ്ടായിരുന്നു. അങ്ങനെ നിങ്ങളുടെ ഇടയിലും ദുരുപദേഷ്ഠാക്കന്മാർ ഉണ്ടാകും; അവർ നാശകരമായ മതഭേദങ്ങളെ നുഴയിച്ചു തങ്ങളെ വിലെക്കു വാങ്ങിയ നാഥനെ തള്ളിപ്പറഞ്ഞു തങ്ങൾക്കു തന്നേ ശീഘ്രനാശം വരുത്തും" (2 പത്രോ. 2:1). ക്രിസ്തുവിന്റെ രണ്ടാംവരവിനെ കുറിച്ചുള്ള വാഗ്ദത്തത്തെ ചോദ്യം ചെയ്തുകൊണ്ടുള്ള കളിയാക്കലുകൾ അവസാന നാളുകളിൽ ഉണ്ടാകുന്നു" "അവന്റെ പ്രത്യക്ഷതയുടെ വാഗ്ദത്തം എവിടെ? പിതാക്കന്മാർ നിദ്രകൊണ്ടശേഷം സകലവും സൃഷ്ടിയുടെ ആരംഭത്തിൽ ഇരുന്നതുപോലെ തന്നേ ഇരിക്കുന്നു എന്നു പറഞ്ഞു സ്വന്ത മോഹങ്ങളെ അനുസരിച്ചു നടക്കുന്ന പരിഹാസികൾ പരിഹാസത്തോടെ അന്ത്യകാലത്തു വരുമെന്നു വിശേഷാൽ അറിഞ്ഞു കൊൾവിൻ" (2 പത്രോ. 3:3-4). അപ്പോസ്തലനായ യോഹന്നാൻ മുന്നറിയിപ്പ് ആയിട്ടു നല്കുന്നത് എതിർക്രിസ്തുവിന്റെ ആത്മാവിനാലുള്ള

(ശേഷം 2-ാം പേജിൽ)

(1-ാം പേജിന്റെ തുടർച്ച)

ക്രിസ്തു എല്ലാം ആകുന്നു

വരെ കുറിച്ച്, അവരുടെ യേശുവിന്റെ ജഡശരീരവും ആയിട്ടുള്ള വീണ്ടും വരവിനെ അംഗീകരിക്കുന്നവരും അല്ല. "യേശുവിനെ സ്വീകരിക്കാത്ത യാതൊരു ആത്മാവും ദൈവത്തിൽ നിന്നുള്ളതല്ല. അതു എതിർക്രിസ്തുവിന്റെ ആത്മാവു തന്നേ; അതു വരും എന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ; അതു ഇപ്പോൾ തന്നേ ലോകത്തിൽ ഉണ്ട്" (1 യോഹ. 4:3), യേശുക്രിസ്തുവിനെ ജഡത്തിൽ വന്നവൻ എന്നു സ്വീകരിക്കാത്ത വഞ്ചകന്മാർ പലരും ലോകത്തിലേയ്ക്കു പുറപ്പെട്ടിരിക്കുന്നുവല്ലോ. വഞ്ചകനും എതിർക്രിസ്തുവും ഇങ്ങനെയുള്ളവൻ ആകുന്നു" (2 യോഹ. 1:7), അതുപോലെ തന്നേ യേശു ക്രിസ്തു അല്ല എന്നു യാഥാർത്ഥത്തെ തിരസ്ക്കരിക്കുന്നവരും ഉണ്ട്, "യേശുവിനെ ക്രിസ്തുവല്ല എന്നു നിഷേധിക്കുന്നവൻ അല്ലാതെ കള്ളൻ ആർ ആകുന്നു? പിതാവിനെയും പുത്രനെയും നിഷേധിക്കുന്നവൻ തന്നേ എതിർക്രിസ്തു ആകുന്നു" (1 യോഹ.2:22). അവിടുത്തെ വചനത്തിൽ വസിക്കുന്നവരും അല്ല, "ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനിൽക്കാതെ അതിർ കടന്നുപോകുന്ന ഒരുത്തനും ദൈവം ഇല്ല; ഉപദേശത്തിൽ നിലനിൽക്കുന്നവനോ പിതാവും പുത്രനും ഉണ്ട്" (2 യോഹ. 1:9).

ഇതേ സ്വഭാവത്തിൽ, യൂദയും വെളിപ്പെടുത്തുകയാണ് ദുരുപദേഷ്ടാക്കന്മാരെ കുറിച്ചുള്ള യാഥാർത്ഥ്യം, "നമ്മുടെ ദൈവത്തിന്റെ കൃപയെ ദുഷ്കാമവൃത്തിക്കു ഹേതുവാക്കി ഏകനാഥനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിനെ നിഷേധിക്കുന്ന അഭക്തരായ ചില മനുഷ്യർ നുഴഞ്ഞു വന്നിരിക്കുന്നു; അവരുടെ ഈ ശിക്ഷാവിധി പണ്ടു തന്നെ എഴുതിയിരിക്കുന്നു" (യൂദ. 1:4) താൻ വളരെ ഊന്നൽ കൊടുത്തുകൊണ്ടു സമർത്ഥിച്ചിരിക്കുകയാണ് വിശ്വാസികൾക്കു ആവശ്യമായിരിക്കുന്നത്, "പ്രീയരേ, നമുക്കു പൊതുവിലുള്ള രക്ഷയെക്കുറിച്ചു നിങ്ങൾക്കു എഴുതുവാൻ സകല പ്രയത്നവും ചെയ്കയിൽ വിശുദ്ധന്മാർക്കു ഒരിക്കലായിട്ടു ഭരമേല്പിച്ചിരിക്കുന്ന വിശ്വാസത്തിനുവേണ്ടി പോരാടേണ്ടതിനു പ്രബോധിപ്പിച്ചെഴുതുവാൻ ആവിശ്യം എന്നു എനിക്കു തോന്നി" (യൂദ. 1:3). ഇത് നമുക്കു മുമ്പിലും ഒരു വെല്ലുവിളിയായിട്ട് നില്ക്കുകയാണ്, ക്രിസ്തുവിന്റെ യാഥാർത്ഥങ്ങളെ ഉയർത്തികാട്ടികൊണ്ടു സഭയ്ക്കകത്ത് നാം നില്ക്കുമ്പോൾ നമ്മുടെ ക്രിസ്തുവിനെ കുറിച്ചുള്ള അടിസ്ഥാനപരമായ സത്യത്തെ വളച്ചൊടിയ്ക്കുവാനും അതുപോലെ നിരസിക്കുന്നതിനുമുള്ള പ്രവണതകൾ വെളിപ്പെടുന്നു എന്ന് നാം അറിയുന്നുവല്ലോ. വേദ വചനങ്ങൾ എന്താണ് സത്യത്തെക്കുറിച്ച് ഓർമ്മപ്പെടുത്തുന്നതെന്നുള്ള കാര്യത്തിൽ നാം ഉറപ്പുള്ളവരും അതുപോലെ സത്യം അതു അനേകം നൂറ്റാണ്ടുകളിൽ കൂടി സഭ വളരെ വിശ്വസ്തതയോടു കൂടി ക്രിസ്തുവിനെ വരച്ചുകാട്ടികൊണ്ടിരിക്കുകയാണ് എന്നുള്ള പരമമായ യാഥാർത്ഥ്യത്തെയും.

(ശേഷം 3-ാംപേജിൽ)

കർത്താവിൽ പ്രിയരേ,

നമ്മുടെ രക്ഷകനും വീണ്ടെടുപ്പുകാരനുമായ യേശുക്രിസ്തുവിന്റെ വാത്സല്യനാമത്തിൽ എല്ലാ ആഗമനദൂതൻ വായനക്കാർക്കും സ്നേഹവന്ദനം.

2022 നവംബർ മാസം നമ്മെ വിട്ട് കടന്നുപോയി. ഡിസംബർ മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

"സർവ്വജനത്തിനും ഉണ്ടാവാനുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു. അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം ഭൂമിയിൽ ദൈവ പ്രസാദമുള്ള മനുഷ്യർക്കു സമാധാനം" (ലൂക്കോ.2:10-16).

നാം ദൈവത്തിങ്കലേക്ക് മടങ്ങിവരിക. ഈ അന്ത്യ നാളുകളിൽ നാം തളർന്നു പോകരുത്.

നമുക്ക് ദൈവത്തിന്റെ സാന്നിദ്ധ്യം ഓരോ ദിവസവും അനുഭവിക്കാൻ കഴിയണം. നാം അനുഗ്രഹീതരാണ്. നമ്മുടെ മനസ്സ് ദിവ്യ ധൈര്യത്താൽ നിറയപ്പെടട്ടെ. ദൈവസ്നേഹത്തെ ഘോഷിച്ച് കൊണ്ട് രാപകലില്ലാതെ കർത്താവിന്റെ വേല ചെയ്യുക.

പൂർണ്ണ ഹൃദയത്തോടെ പൂർണ്ണ മനസ്സോടെ തിടുക്കത്തോടെ കർത്താവിനെ പിൻപറ്റുവാൻ ദൈവം നിങ്ങളെ സഹായിക്കുകയും അനുഗ്രഹിക്കയും ചെയ്യട്ടെ.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702, 8075696168**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**

കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ., തിരുവനന്തപുരം - 695032
Mob:8589901702,**8075696168**
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

(2-ാം പേജിന്റെ തുടർച്ച)

ക്രിസ്തു എല്ലാം ആകുന്നു

ക്രിസ്തു ആകുന്നു എല്ലാം

യേശു ഒരു നല്ല ഗുരുവെന്ന കാഴ്ചപാടിൻ പ്രകാരം അനേകം മതങ്ങളും അതുപോലെ വ്യക്തിത്വങ്ങളും നില്ക്കുമ്പോൾ, ഒരു നല്ല പ്രവാചകനെ, ഒരു നല്ല വ്യക്തിത്വം ആയിട്ടും, അതേ സമയം അവർ അവനെ മറ്റുള്ള എല്ലാവരിൽ നിന്നും വ്യത്യസ്തനായിട്ട് അതിശയിപ്പിച്ച്കൊണ്ടു ഉയർന്നു നില്ക്കുന്നവനാണെന്നുള്ള യാഥാർത്ഥ്യത്തെ അംഗീകരിക്കുവാൻ തയ്യാറാകുന്നില്ല, മറ്റുള്ള എല്ലാവരുടെയും പേരുകളെക്കാൾ പ്രാമാണ്യത്വം ഉള്ള ഒരുവൻ ആണ് അവനെന്നും, എന്തു വില കൊടുത്തും പിൻതുടരേണ്ടവനാണ് അവൻ. വേദപുസ്തകം, മറ്റൊരുതരത്തിൽ പറയുകയാണ്, *"ക്രിസ്തുവത്രേ എല്ലാവരിലും എല്ലാം ആകുന്നു"* (കൊലോ. 3:11). *"ഞാൻ ആല്ഫയും ഒമേഗയും ഒന്നാമനും ഒടുക്കത്തവനും ആദിയും അന്തവും ആകുന്നു"* (വെളി.22:13) അവനെ ആകുന്നു ദൈവം മരിച്ചവരിൽ നിന്നു ഉയിർപ്പിച്ചവനും അതുപോലെ ഇരുത്തിയവനും, *"അവനെ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർപ്പിക്കയും സ്വർഗ്ഗത്തിൽ തന്റെ വലത്തു ഭാഗത്തു എല്ലാ വാഴ്ചെക്കും അധികാരത്തിനും ശക്തിക്കും കർത്തൃത്വത്തിനും ഈ ലോകത്തിൽ മാത്രമല്ല വരുവാനുള്ളതിലും വിളിക്കപ്പെടുന്ന സകല നാമത്തിനും അത്യന്തം മീതെ ഇരുത്തുകയും"* (എഫെ. 1:20-21). *"സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു "* *(മത്താ. 28:18). "സർവ്വവും അവന്റെ കാൽക്കീഴാക്കിവെച്ചു അവനെ സർവ്വത്തിന്നും മീതെ തലയാക്കി" (എഫെ.1:22). അവൻ സകലത്തിനും കാരണഭൂതനും നാം അവനായി ജീവിക്കേണ്ടതും ആകുന്നു"* *(1 കൊരി. 8:6). "അവനെ താൻ സകലത്തിനും അവകാശിയാക്കിവെച്ചു; അവൻ മുഖാന്തരം ലോകത്തേയും ഉണ്ടാക്കി. അവൻ അവന്റെ തേജസ്സിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും സകലത്തേയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവനും ആകകൊണ്ടു"* *(എബ്രാ.1:2-3). "സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും സിംഹാസനങ്ങൾ ആകട്ടെ കർത്തൃത്വങ്ങൾ ആകട്ടെ വാഴ്ചകൾ ആകട്ടെ അധികാരങ്ങൾ ആകട്ടെ സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടും; അവൻ മുഖാന്തരവും അവന്നായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവൻ സർവ്വത്തിനും മുമ്പെയുള്ളവൻ; അവൻ സകലത്തിനും ആധാരമായിരിക്കുന്നു"* *(കൊലോ. 1:16-17).*

അവൻ ദൈവവചനം ആകുന്നു, അതുപോലെ ദൈവത്തിന്റെ ഏറ്റവും ശ്രേഷ്ഠമായ ദൂതും ദൂതുവാഹകനുമാണ് ലോകത്തിനു വേണ്ടിയുള്ള (യോഹ. 1:1; എബ്രാ.1:2). പ്രധാനപ്പെട്ട ഒന്നാണ് അതായത് അവിടുന്നു, "ക്രിസ്തു നമ്മുടെ പാപങ്ങൾക്കു വേണ്ടി തിരുവെഴുത്തുകളിൻപ്രകാരം മരിച്ചു അടക്കപ്പെട്ടു തിരുവെഴുത്തുകളിൻപ്രകാരം മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റു" (1 കൊരി. 15:3-4). അവിടുന്ന് ദൈവത്തിന്റെ വിശുദ്ധവും അതുപോലെ അവിടുന്നാണ് നിത്യജീവന്റെ വചനം ആയവനും (യോഹ.6:68-69). അവിടുന്നു ജീവന്റെ അപ്പം ആകുന്നു (യോഹ. 6:35), ജീവജാലത്തിന്റെ ഉറവിടവും (യോഹ. 4:4) എല്ലാ ആത്മീക അനുഗ്രഹത്തിന്റെയും ഉറവിടവും (എഫെ.1:3), അതുപോലെ "അവനിൽ ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും നിക്ഷേപങ്ങൾ ഒക്കെയും തുപ്തമായിട്ടു ഇരിക്കുന്നു" (കൊലൊ. 2:3).

അവൻ ദൈവപുത്രൻ ആകുന്നു

യേശു ദൈവപുത്രനാണെന്ന പ്രത്യേകതയാൽ നിറയപ്പെട്ടിരിക്കുകയാണ്. സകല തിരുവചനങ്ങളും, യേശുവിന്റെ സ്വയം സാക്ഷ്യപ്പെടുത്തലുകളും ഇതിന് വളരെ ആധികാരികമായിട്ടുള്ള തെളിവ് ആണ് (മർ.14:61-62). അതുപോലെ യേശുവിന്റെ സ്നാന സമയത്തു രൂപാന്തരണ സമയത്തു ഉള്ള പിതാവിന്റെ സാക്ഷ്യപ്പെടുത്തലുകളും വളരെ ശ്രദ്ധേയമാണ്.

(ശേഷം 4-ാംപേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*
സ്നാനം ഏൽക്കുക	*വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

(3-ാം പേജിന്റെ തുടർച്ച)

ക്രിസ്തു എല്ലാം ആകുന്നു

"ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" (മത്താ.3:17;17:5). യേശു ആരംഭത്തിൽ പിതാവിന്റെ കൂടെ ആയിരുന്നു (യോഹ.1:1). സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലേയ്ക്കു താണുവന്നു (യോഹ.6:38). ജഡശരീരം ആയിട്ടു നമ്മുടെ ഇടയിൽ പാർത്തു (യോഹ. 1:14). യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തെ കുറിച്ച് അനേകം ക്രിസ്തീയ പണ്ഡിതന്മാർ അവിടുത്തെ കന്യക ജനനത്തെയും നിഷേധിക്കുന്നു. എന്നിരുന്നാലും, തിരുവചനം വളരെ വ്യക്തമാക്കുകയാണ്. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ഗർഭം ധരിക്കപ്പെട്ടതും അതുപോലെ അവന്റെ കന്യക മറിയയിലുള്ള ജനനത്തെ കുറിച്ചും (ലൂക്കോ.1:35; മത്താ. 1:23).

യേശു ദൈവപുത്രനാണെന്നുള്ള യാഥാർത്ഥ്യം വ്യക്തമായി തെളിയിക്കപ്പെട്ടിരിക്കുന്ന ഒരു നഗ്നസത്യം തന്നേയാണ്, അവിടുത്തെ ദൈവീകത്വം ഉൾപ്പെടെയുള്ള വസ്തുതകൾ പ്രതിപാദിച്ചിരിക്കുകയാണ്. ഉദാഹരണത്തിനായിട്ട്, യഹൂദ പണ്ഡിതന്മാർ അറിഞ്ഞിരുന്നു ദൈവത്തെ അവിടുത്തെ സ്വന്തം പിതാവെന്ന് വിളിച്ച് പറഞ്ഞിരിക്കുന്നതിനാൽ, "ഞാനും പിതാവും ഒന്നാകുന്നു" (യോഹ.10:30), "ദൈവം സ്വന്തപിതാവു എന്നു പറഞ്ഞു തന്നേത്താൻ ദൈവത്തോടു സമമാക്കിയതുകൊണ്ട്" (യോഹ. 5:18; 10:33). അതുപോലെ തീർച്ചയായിട്ടു തിരുവചനങ്ങൾ ക്രിസ്തുവിന്റെ ദൈവീകത്വത്തെ വളരെ ശക്തമായിട്ടു ഉറപ്പിച്ച് പറഞ്ഞിരിക്കുകയാണ്, പ്രത്യേകിച്ച് സൂചിപ്പിച്ചിരിക്കുന്ന വേദഭാഗങ്ങളിൽ; "....വചനം ദൈവം ആയിരുന്നു" (യോഹ. 1:1); "യേശു അവരോട്: "ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: അബ്രഹാം ജനിച്ചതിനുമുമ്പേ ഞാൻ ഉണ്ടു" എന്നു പറഞ്ഞു (യോഹ. 8:58); "അവനു ദൈവം നമ്മോടുകൂടെ എന്ന അർത്ഥം ഉള്ള ഇമ്മാനുവേൽ എന്നു പേർ വിളിക്കും" (മത്താ. 1:22); "തോമസ് അവനോടു: എന്റെ കർത്താവും എന്റെ ദൈവവും ആയുള്ളോവേ എന്നു ഉത്തരം പറഞ്ഞു" (യോഹ.20:28); "അവനിലല്ലോ ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നതു" (കൊലോ. 2:9); "പുത്രനോടോ: "ദൈവമേ, നിന്റെ സിംഹാസനം എന്നും എന്നേക്കുമുള്ളതു" (എബ്രാ. 1:8). ദുരുപദേശക്കാരുടെ പഠിപ്പിക്കലുകൾ അത് ഒരുതരത്തിലുള്ള ക്രിസ്തുവിന്റെ ദൈവീകത്വത്തെ വളച്ചൊടിയ്ക്കുകയോ അല്ലെങ്കിൽ അതിനെ തിരസ്ക്കരിക്കുകയോ ആണ്.

അവൻ മാത്രമാണ് രക്ഷയ്ക്കുള്ള ഏക മാർഗ്ഗം

ഇന്നുള്ള ഒരു വലിയ ചതിയാണ് യേശുമാത്രമല്ല ദൈവത്തിലേയ്ക്കുള്ള ഏക വഴി (മാർഗ്ഗം), എന്നാൽ ധാരാളം ഉള്ള മാർഗ്ഗങ്ങളിൽ ഒന്നുമാത്രമാണ്. ഈ തെറ്റ് അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് തിരുവചനത്തെ നിരസ്സിക്കലും എന്നാൽ അതിൽ വളരെ ശാന്തമായിട്ട് പ്രതിപാദിച്ചിരിക്കുന്ന്ത് നിത്യജീവൻ ലഭിക്കുന്നത് ദൈവപുത്രനിൽ കൂടി തന്നേയാണ് എന്നാണ്: "ആ സാക്ഷ്യമോ ദൈവം നമുക്കു നിത്യജീവൻ തന്നു; ആ ജീവൻ അവന്റെ പുത്രനിൽ ഉണ്ടു എന്നുള്ളതു തന്നേ. പുത്രനുള്ളവനു ജീവൻ ഉണ്ടു; ദൈവപുത്രനില്ലാത്തവനു ജീവൻ ഇല്ല" (1 യോഹ. 5:11-12). യേശു തന്നേ പ്രസ്താവിച്ചിരിക്കുന്നത്, "ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല" (യോഹ. 14:6). മറ്റൊരുത്തനിലും രക്ഷ ഇല്ല! (അപ്പോ.4:12).

ദുരുപദേശക്കാർ വാദിക്കുന്നത് ദൈവത്തിങ്കലേയ്ക്കു അനവധി മാർഗ്ഗങ്ങൾ ഉണ്ടെന്നും അത് യേശുവിൽ കൂടി അല്ലാതെ ലഭ്യമാണെന്നും ആകുന്നു. ഇതൊക്കെയും പ്രതിപാദിച്ചിരിക്കുന്ന വിശുദ്ധനായ ദൈവത്തെ കുറിച്ച് ശരിയായ മനസ്സിലാക്കൽ ഇല്ലാതെയും കൂടി ആണ്, പാപത്തിന്റെ ഗൗരവത്തെകുറിച്ചും അതുപോലെ തന്നേ ഉള്ള പരമയാഗത്തിന്റെ മാർഗ്ഗത്തെക്കുറിച്ചും ദൈവം പൂർണ്ണമായിട്ടു വിശുദ്ധനും അതുപോലെ മനുഷ്യന്റെ പാപം ദൈവത്തിൽ നിന്നു അകറ്റുകയുമാണ് (യെശ.59:2). വീണ്ടും ഉറപ്പിച്ച് തിരുവചനം പ്രസ്താവിച്ചിരിക്കുന്നത് മരണത്തിലേയ്ക്കു നയിക്കുന്നു എന്നാണ് (റോമ. 6:23). ദൈവം നീതിമാൻ ആകുന്നതിനാൽ, പാപത്തെ നിസ്സാരമായിട്ടു ദർശിക്കുന്നില്ല. എന്നിരുന്നാലും, അവിടുന്ന് ഒരു മാർഗ്ഗം നല്കിയിരിക്കുകയാണ് - വളരെ ചിലവേറിയ ഒരു മാർഗ്ഗം - പാപത്തിനുള്ള പാപപരിഹാരയാഗമായിട്ടും അതുപോലെ ക്ഷമിക്കുവാനും, അതൊക്കെയും സംഭവിക്കുന്നത് രക്തംചിന്തിയതിൽ കൂടി മാത്രവും അതുപോലെ നിരപരാധിയായ ഒരുവന്റെ യാഗത്താലും ആണ്. രക്തത്തിനു മാത്രമേ (അതുപോലെ ജീവൻ) ദൈവപുത്രന്റെ, ദൈവത്തിന്റെ ഏറ്റവും വിലയേറിയ കുഞ്ഞാടായവൻ, മാത്രമേ മനുഷ്യന്റെ പാപത്തിനു പര്യാപ്തമായ യാഗത്താൽ പ്രായശ്ചിത്തം വരുത്തുന്നതനുസരിച്ചുള്ള യോഗ്യം ആയതും അതുപോലെ പര്യാപ്തമായതും.

നല്ല പ്രവൃത്തികളിൽ കൂടിയും അവരുടെ നീതി പ്രവൃത്തികളാലും രക്ഷ പ്രാപ്തമാണെന്ന് ചില പ്രിയപ്പെട്ടവർ തെറ്റായിട്ട് വിശ്വസിച്ചിരിക്കുകയാണ്. പക്ഷേ യാതൊരു ഫലവും ഇല്ല. അവരൊക്കെയും എത്ര മാത്രം നല്ലവരായി തീർന്നാലും, അവരുടെ നന്മകൾ ഒന്നും അവരെതന്നേ രക്ഷിക്കുവാൻ പര്യാപ്തം അല്ല. പരിപൂർണ്ണമായിട്ടു വിശുദ്ധനായ ദൈവത്തിന്റെ പ്രകാശത്തിന്റെ മുമ്പാകെ അവരുടെ പാപങ്ങൾ തീർച്ചയായിട്ടു വിധിക്കപ്പെടേണ്ടിയിരിക്കുന്നു. അതുപോലെ ക്ഷമിക്കപ്പെടുകയും ചെയ്യുമ്പോഴാണ് അവർക്ക് രക്ഷ ദാനം ആകുകയും അങ്ങനെ നിത്യജീവൻ ലഭിക്കുകയും ചെയ്യുന്നത്. എന്നാൽ ഇത് സാധ്യം ആകുന്നത് യേശുക്രിസ്തുവിൽ കൂടി തന്നേ ഉള്ളൂ, ദൈവപുത്രനിൽ കൂടി മാത്രം. "ദൈവം തന്റെ ഏകജാതനായ പുത്രനെ നാം അവനാൽ ജീവിക്കേണ്ടതിനു ലോകത്തിലേയ്ക്കു അയച്ചു എന്നുള്ളതിനാൽ ദൈവത്തിനു നമ്മോടുള്ള സ്നേഹം പ്രത്യക്ഷമായി. നാം ദൈവത്തെ സ്നേഹിച്ചതല്ല, അവൻ നമ്മെ സ്നേഹിച്ചു തന്റെ പുത്രനെ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുവാൻ അയച്ചതു തന്നേ സാക്ഷാൽ സ്നേഹം ആകുന്നു" (1 യോഹ.4:9-10). "യേശു ആണ് ദൈവത്തിനും മനുഷ്യർക്കും ഇടയിലുള്ള ഏക മദ്ധ്യസ്ഥൻ" (1 തിമൊ.2:5) അതുപോലെ അവന്റെ രക്തത്തിൽ കൂടി അല്ലാതെ വേറൊരു മാർഗ്ഗം ഇല്ല ദൈവത്തിങ്കലേയ്ക്കു.

(ശേഷം 8-ാംപേജിൽ)

പാപത്തിന്റെ ചതിക്കുഴി

By Charles H. Spurgeon

"നിങ്ങൾ ആരും പാപത്തിന്റെ ചതിയാൽ കഠിനപ്പെടാതിരിക്കേണ്ടതിന്നു ഇന്നു" എന്നു പറയുന്നിടത്തോളം നാൾതോറും അന്യോന്യം പ്രബോധിപ്പിച്ചുകൊൾവിൻ" (എബ്രാ.3:13).

പാപത്തിന്റെ ചതിക്കുഴി അത് വളരെ അപകടം നിറഞ്ഞതാണ്. രഹസ്യത്തിൽ ചെയ്യുന്ന പാപങ്ങൾക്കെതിരായിട്ടും, പൊയ്മുഖത്തിന്റെ പാപവും, സാധാരണയായിട്ടുള്ള പാപവും ചതിക്കപ്പെടുന്ന പാപവും, വശീകരണ പാപവും എല്ലാത്തിനും ശവകുടീരത്തിന്റെ അവസ്ഥയുമാണുള്ളത്.

പാപത്തിനു വളരെ ചെറിയ ശക്തിയാണ് ചതിയ്ക്കുന്നതിനുള്ളത്. അതു നമ്മെ സമീപിക്കുന്നതുപോലെ അല്ല അതിന്റെ ചതിയുടെ തന്ത്രം. പാപം ഒരിക്കലും മൂടിവയ്ക്കുന്നില്ല. അതിന്റെ അറപ്പു തോന്നിക്കുന്ന സ്വഭാവത്തെ, അല്ലെങ്കിൽ ഭയങ്കരത്വമുള്ള അതിന്റെ പരിണിത ഫലത്തെയും അതു വെളിപ്പെടുത്തുന്നില്ല; എന്നാൽ അതു നമ്മിലേക്കു പ്രവേശിക്കുന്നത് വളരെ മാർമ്മികമായ വഴികളിൽ കൂടിയാണ്, ധാരാളം നേട്ടങ്ങളെ പാരിതോഷികമായിട്ട് സമ്മാനിച്ചുകൊണ്ടാണ്. പാപത്തിന്റെ ഈ നിലയിലുള്ള ആവർത്തനം ഒരുപക്ഷേ എങ്കിൽ പ്രോത്സാഹിക്കപ്പെടുന്നത് ഒരു സംശയത്താലും ആകാം അതിന്റെ ശിക്ഷ ആയിട്ടു. "അതേ, ദൈവം പറഞ്ഞിട്ടുണ്ടല്ലോ?" സൂക്ഷ്മമായിട്ട് ആലോചിച്ചുള്ള ചോദ്യം ആകുകയും അത് അർത്ഥം ആക്കുന്നത് ഹൃദയത്തിലുള്ള ദൈവീക ഭയത്തെ 'തുരങ്കം വയ്ക്കുന്നതും' ആകുന്നു. പാപത്തിന്റെ എത്ര ചെറിയ ഒരു തുള്ളിപോലും ദൈവവചനത്തിലെ വിശ്വാസത്തെ കുറയ്ക്കുന്ന ഒരു വിഷം ആയിട്ടും ആത്മാവിന്റെ സകല ചിന്തകളിലും പ്രവർത്തിക്കുന്നു.

പാപം സാധാരണയായിട്ട് വരുന്നത് ഒരു നഗ്ന നിർദ്ദേശം പോലെയും, അല്ലെങ്കിൽ ഒരു ഭാവനയായിട്ടോ; ഒരു ബാലിശമായ വസ്തുപോലെയും സ്വപ്നങ്ങൾ വലകെട്ടിയും ആണ്. താങ്കൾ ചിന്തിക്കുന്നില്ല ഒരു പാപം ചെയ്യുന്നതായിട്ടു, അല്ലെങ്കിൽ അതിനെകുറിച്ചു സംസാരിക്കുന്നതിലും, എന്നാൽ നിങ്ങൾ ചിന്തിക്കുന്നത് ഇതിനെ സന്തോഷകരമായിട്ടും, അതുപോലെ അതിനോടുള്ള ബന്ധത്തിൽ പ്രകാശപൂരിതമായിട്ടും മായാമോഹങ്ങളേയും, വശീകരണ ചിന്തകളേയും, അതുപോലെ തിന്മ പ്രവൃത്തിയുടെ ആദ്യാക്ഷരം ഉരുവിടുകയും അത് പ്രവർത്തിയ്ക്കുകയും ചെയ്യുന്നു. ചിന്തകൾ അതിന്റെ ആഗ്രഹങ്ങളെയാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്, ആഗ്രഹം അതിന്റെ ലക്ഷ്യപ്രാപ്തിക്കായിട്ടു വളരുന്നു. ലക്ഷ്യം അത് പഴുത്ത് പാകമായിട്ട് പ്രവൃത്തിയിൽ പര്യവസാനിക്കുന്നു. കൗശല്യത്തോടെ പാപം ആത്മീകതയിലേയ്ക്കു പ്രവേശിക്കുന്നു. അതുകൊണ്ട് നമ്മൾ അതിനെകുറിച്ച് ജാഗ്രതരാകുന്നതിന് മുമ്പ് ഇത് സംഭവിക്കുന്നു.

നമ്മുടെ സാഹചര്യങ്ങൾക്ക് അനുസ്യൂതമായിട്ട് അത് ജീവിതത്തിലേയ്ക്കു സ്വീകരിക്കുന്നതിനായിട്ടുള്ള ഒരു പ്രത്യേക കഴിവ് പാപത്തിന് ഉണ്ട്. പാപത്തിന്റെ ആവനാഴിയിലുള്ള അമ്പിന് സമ്പത്തിനായിട്ടുള്ളതും, അതുപോലെ ദരിദ്രരെ കുത്തി പറയുന്നതിനും ഇവിടെ സംഗതി വരുന്നു. ഇതിന് പ്രത്യേകതരത്തിലുള്ള ഒരു വിഷം ഉണ്ട്. സകലവിധമായ അഭിവൃദ്ധിയ്ക്കും ആയിട്ടുള്ള, വീണ്ടും മറ്റൊരു പരാജയത്തിനു ഉള്ളതും. പ്രാവീണ്യം ഉള്ളതും. മീൻപിടുത്തക്കാരൻ കടലിലെ ജീവിതത്തിൽ എല്ലാത്തരത്തിലുമുള്ള മീനുകൾക്കും ഒരുപോലുള്ള ഇരയെ അല്ല തന്റെ ചൂണ്ടയിൽ കൊളുത്തുന്നത്; എന്നാൽ അവന് അറിയാം എന്താണ് ഇന്ന് താൻ പിടിക്കുവാൻ പോകുന്നതെന്നുള്ളത്. ഒരു ദരിദ്രനായവനെ പാപം ഒരു നത്തിനെപോലെ കാണുന്നുവെങ്കിൽ, അത് അവനെ പ്രലോഭിക്കുകയും അങ്ങനെ അസൂയ, അല്ലെങ്കിൽ മോഷ്ടിക്കുന്നതിന്, അല്ലെങ്കിൽ ദൈവത്തെ സംശയിക്കുക, അല്ലെങ്കിൽ നേട്ടത്തിന്റെതായ കുറുക്കുവഴികളെ പിൻതുടരുക. വേറൊരുവനെ പാപം സമീപിക്കുന്നത് സമ്പത്തിലാണ്, അത് തികച്ചും വ്യത്യസ്തമായ മാർഗ്ഗത്തിന്റെ കെണിയിലേയ്ക്കാണ് നയിക്കപ്പെടുന്നത്, ഭോഗാസക്തിയുടെ ഒരു വശീകരണത്തിലേയ്ക്കു, അല്ലെങ്കിൽ അഹങ്കാരത്തിൽ നയിക്കുന്നതോ, അല്ലെങ്കിൽ ലൗകീകമായ ഫാഷനുകളിലേയ്ക്കോ ആവാം. നമ്മൾക്ക് നമ്മെ കുറിച്ചുള്ള അറിവിനേക്കാൾ പിശാചിന് നമ്മെ കുറിച്ച് അറിയാം. അവന് അറിയാം നമ്മുടെ അസംസ്കൃതമായ സ്ഥലങ്ങളും, അതുപോലെ നമുക്കു ബലഹീനതകളും, നമുക്കു യൗവനത്തിന്റെ അവസ്ഥയിൽ എന്തെങ്കിലും പാളിച്ചകൾ വന്നു സംഭവിക്കപ്പെട്ടിട്ടുണ്ടെങ്കിൽ. പാപം അതു വടക്കൻ കാറ്റുപോലെയാണ്, മനുഷ്യനിർമ്മിതിയിലുള്ള ഭവനത്തിന്റെ എല്ലാ വിള്ളലുകളും, അങ്ങനെ തന്നേ നമ്മൾ വളരെ പ്രിയത്തോടു സ്വപ്നം കണ്ടിരുന്നതിലേയ്ക്കു ഒരു ആപത്തിന്റെ മണി മുഴക്കത്തോടെ പാപം വരുകയും രഹസ്യമായിട്ടു രൂപകല്പന ചെയ്തതിലേയ്ക്കു അതിക്രമിച്ചു കടക്കുകയും ചെയ്യുന്നു. പാപം നമ്മിലേയ്ക്കു പതുങ്ങി നടക്കുകയാണ്. സിംഹം അതിന്റെ ഇരയെ നയപരമായി പിടിക്കുന്നത്പോലെ. വെണ്ണയെക്കാൾ മൃദുത്വത്തോടെ കൂടി സംസാരിക്കുന്നവരുടെ പ്രലോഭന തന്ത്രങ്ങളെ കുറിച്ചും, അതുപോലെ ആകുന്നു. അവർ ഭയങ്കര മൂർച്ചയുള്ള വാളുപോലെയും ആകയാൽ ജാഗ്രതയുള്ളവരാകുക.

പാപത്തിന്റെ തിളക്കം

അടുത്ത്, പാപം അതിന്റെ ഉദ്ദിഷ്ടകാര്യത്തിൽ തന്നേ ചതിയ്ക്കുന്നതാണ്, അതിന്റെ ഉപാധിയായിട്ടു നമ്മുടെ മുമ്പിൽ വയ്ക്കുന്നത്. അതിന്റെ തനതായ ഫലം ആകുന്നും ഇല്ല. നാം സൃഷ്ടികർത്താവിനെ യാതൊരു വിധത്തിലും പ്രകോപിപ്പിക്കുകയോ, അല്ലെങ്കിൽ നീതീകരണത്തിന്റെ ആധികാരികതയെ മനസ്സോടെ പുറത്ത് കളയുകയും അരുത്. അവരുടെ രക്ഷയ്ക്കായിട്ട് നാം ഈ കാര്യാദികളെ നമ്മിലേയ്ക്കു ക്ഷണിക്കരുത്. അരുത്, അല്ല, നാം മുന്നോട്ട് പോകാതെ ഇരിക്കണം. തിന്മ പ്രവൃത്തികൾ ചെയ്യുമ്പോൾ അതിൽ ഈ സമയത്ത് ചില നന്മ വരുമെന്നുള്ള കാഴ്ചപ്പാടിൽ. ഒരുവൻ പാപം പ്രവർത്തിക്കുമ്പോൾ ചിന്തിയ്ക്കുന്നത്, അധികം ആയിട്ടു എന്തോ

(ശേഷം 6-ാംപേജിൽ)

(3-ാം പേജിന്റെ തുടർച്ച)

പാപത്തിന്റെ ചതിക്കുഴി

സന്തോഷം ലഭിയ്ക്കുമെന്ന്, അല്ലെങ്കിൽ കൂടുതലായ ഒരു നേട്ടം കൈവരിയ്ക്കുമെന്ന്, അല്ലെങ്കിൽ കുറഞ്ഞപക്ഷം തിന്മയുടെ അളവിനെ ത്യജിയ്ക്കാമെന്ന്, അതുപോലെ അവനെ ഭയപ്പെടുത്തുന്ന ഏതോ സംഭവങ്ങളിൽ നിന്ന് തനിക്ക് രക്ഷ നേടാം എന്ന്. അവൻ തെറ്റു ചെയ്യുന്നത് അവൻ പ്രതീക്ഷിയ്ക്കുന്നത് നന്മ വരും എന്ന കാഴ്ചപാടിൻ പ്രകാരമാണ്. ചുരുക്കത്തിൽ, അവൻ തിന്മ ചെയ്യുമ്പോൾ നന്മ ആയത് ഭവിക്കുന്നു.

ഹ്രസ്വദൃഷ്ടിയുള്ള സൃഷ്ടിയുടെ മുമ്പിൽ ഊഞ്ഞാൽ ആടുന്ന നന്മയുടെ കാഴ്ചപാടുകൾ അങ്ങനെ, മനുഷ്യൻ, മത്സ്യത്തിന്റെ മുന്നിലുള്ള നല്ല ഇരയായിട്ട് മാറുന്നു. എല്ലാ സംഭവങ്ങളിലും, ഈ വിഷയം ഒരു ചതിയുടേതായ ഭാഗമായി തീരുന്നു. തിന്മയാതൊരുതരത്തിലും നന്മയിലേയ്ക്കു നയിക്കപ്പെടുന്നില്ല, അല്ലെങ്കിൽ പാപം നമ്മുടെ യഥാർത്ഥമായ നേട്ടത്തിലേയ്ക്കു നടത്തുന്നില്ല: അങ്ങനെ ചിന്തിക്കുന്നു എങ്കിൽ നാം പരമ വിഡ്ഢികളാണ്. എന്നിട്ടു, ധാരാളം, സംഭവങ്ങളിലും, ദൈവത്തിന്റെ നിയമവ്യവസ്ഥകളെ രൂപകല്പന ചെയ്തതുപോലെ അല്ല മനുഷ്യൻ പാപം ചെയ്യുന്നത്, അതുപോലെ അവന്റെ സൃഷ്ടികർത്താവിനെ ദുഷിച്ചുകൊണ്ടല്ല, എന്നാൽ അവൻ വശീകരണത്തിലായി തീർന്നു എന്നോ നല്ലതു ചിലതു വന്നു ചേരുമെന്നുള്ള കാഴ്ചപാടിൻ പ്രകാരം; അങ്ങനെ, അവന്റെ വിധിന്യായവും അവൻ ശരിയായിട്ട് മനസ്സിലാക്കി ഇരിക്കുന്നു എന്നാണ്. അവന് നല്ലതായിട്ടുള്ളതെന്നു ദൈവം ആയ കർത്താവിനെക്കാൾ, ആരുടെ ജ്ഞാനത്താലാണ് അവൻ നയിക്കപ്പെട്ടിരിക്കുന്നതു.

പഴയ സർപ്പത്തിന്റെ കാര്യം പോലെ തന്നേ, വാദം ഇതാണ് - ദൈവം നിരസ്സിക്കുന്നു താങ്കൾക്ക് നേട്ടത്തിനായിട്ടുള്ള താങ്കൾ ഇഷ്ടപ്പെട്ടിരിക്കുന്നതിനെ, എന്നാൽ താങ്കൾ ബുദ്ധിയോടെ പ്രവർത്തിക്കുക. പ്രധാന ചതിയൻ ഉപായത്താൽ പ്രയോഗിച്ചത് അതായത് ദൈവം അറിഞ്ഞിരുന്നു. ആദാമും ഹവ്വായും നിരോധിക്കപ്പെട്ട പഴം തിന്നുന്നു എങ്കിൽ അവരുടെ കണ്ണുകൾ തുറക്കുമെന്നു, അവർ ദൈവത്തെ പോലെ ആകുമെന്നു, അങ്ങനെ, അവരെ കീഴ്പെടുത്തി നിർത്തുകയും, വശീകരണ സ്വഭാവമുള്ള പഴം തിന്നാതെ അവരെ അകറ്റിനിർത്തുവാനും ശ്രമിച്ചിരുന്നു. നമ്മുടെ മുന്നിൽ വച്ചിരിക്കുന്ന വിഷയം അത് മായികമാണ്; പാപത്തിന്റെ അംഗീകാരം തിളക്കം ആർന്നത് എന്നാൽ അതു സ്വർണ്ണം അല്ല, എന്നാൽ സ്വർണ്ണം പോലെ ഇത് നമ്മെ സ്വാധീനിക്കുകയാണ്. നമ്മുടെ മേലുള്ള തിന്മയുടെ ന്യായവിധിയെ ഈ കാലഘട്ടത്തിൽ പാപത്തിന്റെ വഞ്ചന എല്ലാ മേഖലകളിലും കാണപ്പെടുന്നു. തെരുവിലും, ഭവനത്തിലും, സ്വകാര്യമുറിയിലും, എല്ലാ വശീകരണത്തിന്റെ സാഹചര്യം കടന്നു വരുകയാണ് നാം ദൈവത്തിൽ വസിക്കുന്നില്ലെങ്കിൽ. നാം സാധാരണയായിട്ട് ചിന്തിച്ച് പോകുന്നുണ്ടോ. കുറഞ്ഞപക്ഷം അങ്ങനെ ഒരു ചെറിയ നേട്ടം എങ്കിലും നേടികൂടേ എന്ന്, അധികം നന്മയുടെ അളവിനായിട്ട് പ്രവൃത്തിയ്ക്കുവാൻ, നേരെ ഉള്ളതു അതുപോലെ ഇടുങ്ങിയതുമായ വഴിയെ ഒരു ചെറിയ രീതിയിൽ എങ്കിലും ഉപേക്ഷിയ്ക്കുവാൻ നാം എന്തെങ്കിലും ചെയ്തിരുന്നുവെങ്കിൽ? ഇത് തെറ്റായതാണ്, നരകത്തെ അടിസ്ഥാനം ആക്കി ഉള്ളതാണ്.

വഞ്ചനപരമായ വാദഗതികൾ

മനുഷ്യരിൽ വാദഗതികൾക്കായിട്ട് പ്രയോഗിക്കുന്ന കാര്യത്തിൽ തന്നേ പാപത്തിന്റെ വഞ്ചന (ചതി) അന്തർലീനം ആയിരിക്കുകയാണ്. നിങ്ങളിൽ ഇത് രഹസ്യമായിട്ട് സംസാരിക്കുന്നത് ഒരിക്കലെങ്കിലും ശ്രദ്ധിച്ചിട്ടുണ്ടോ; വെറുതെ കോലാഹലം ഉണ്ടാക്കിയിട്ടുണ്ടോ. അത് ഒരു ചെറിയ സംഗതി ആയിരുന്നില്ലേ? ഇങ്ങനെയുള്ള കാര്യത്തിൽ ചെറുതാണെന്നുള്ള ഭാവത്തിൽ സംശയിച്ചുനില്ക്കേണ്ട ആവിശ്യം ഇല്ല. അത് ശരിയല്ല, എന്നിട്ടും ഇപ്പോഴും വെറും ഒരു നിസ്സാരവസ്തു ആയിരിക്കുകയും, ശ്രദ്ധിക്കേണ്ട ആവശ്യം അല്ലാത്തതു ആയതു അതു ചെയ്ക! അതു ചെയ്ക! എന്റെ സുഹൃത്തുക്കളെ, ചെറിയ പാപം അങ്ങനെ ഉള്ളത് ഉണ്ടോ? കാര്യം എന്താണെന്ന് ചോദിച്ചാൽ കൃപാണം ചെറുതാണ്. ആ ഒറ്റകാരണത്തിൽ അത് വളരെ മരണകാരണവും ആണ്. ഏതിനാൽ ആണോ ദൈവത്തെ വേദനിക്കുന്നത് അത് ഒരു ചെറിയ സംഗതി അല്ല. നിരോധിക്കപ്പെട്ട വൃക്ഷത്തിൽ നിന്ന് പഴം പറിച്ചു ഭക്ഷിക്കുക എന്നുള്ളത് എല്ലാം വളരെ നിസ്സാരമായ പ്രവൃത്തികൾ ആയിരുന്നു, മഹാ ദുരന്തത്തിലേയ്ക്കുള്ള പരിശീലനം; എല്ലാം നിസ്സാരമായി എണ്ണപ്പെടുകയും അന്തമില്ലാതെ അതിന്റെ പരിണിത ഫലങ്ങൾ അതിന്റെ പാതയിൽ കൂടി പിൻതുടരുകയും ആണ് സംഭവിച്ചിരിക്കുന്നത്.

അങ്ങനെ പാപം തലപൊക്കുമ്പോൾ ഉയരുന്ന ചോദ്യം, അതുപോലെ പറയുന്നത്, "ഇത് ശരിയായിട്ടു തെറ്റാണോ? നമ്മൾ കൂടുതൽ ആയിട്ട് നിയമങ്ങൾ പാലിക്കുന്നതിൽ കൃത്യനിഷ്ഠ ഉള്ളവരല്ലായിരിക്കാം? സമയങ്ങൾ മാറ്റപ്പെട്ടിട്ടില്ലേ?" ഒരുവൻ പാപം പ്രവർത്തിക്കുമ്പോൾ ആത്മാർത്ഥതയോടു കൂടി ഒരു പഴുത് തനിക്കു വേണ്ടി തന്നേ കണ്ടെത്തുകയും ചെയ്യും. അവൻ ശത്രുവശത്തു നിന്നുകൊണ്ടാണ് ഒഴിവുകഴിവുകൾ കണ്ടെത്തുന്നത്. അവൻ അവന്റെ രാജാവിനോടു വളരെ സത്യം ഉള്ളവനും അതുപോലെ ആത്മാർത്ഥതയുള്ള ഹൃദയം ഉള്ളവനും ആണ്. എല്ലാ കാര്യത്തിലും അതുകൊണ്ട് ചെറിയ (ഹ്രസ്വമായി) പ്രവൃത്തികളിൽ ചോദ്യം ഉന്നയിക്കുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ അവൻ ഒരു കാര്യത്തിൽ വ്യക്തതയില്ലാത്തപ്പോൾ അതിനെ ആ നിലയിൽ തന്നേ ഉപേക്ഷിക്കുന്നു.

പാപം ഒരുവനെ കണ്ടിട്ട് അവനെ കുറിച്ചു മുഖസ്തുതി പറയുകയും അങ്ങനെ അവനിൽ ഒരു തോന്നൽ സൃഷ്ടിക്കുകയും ചില കാര്യങ്ങൾ പ്രവൃത്തിക്കുവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. അതുപോലെ മുന്നോട്ടു യാതൊരു പ്രശ്നവും ഇല്ലെന്നും, അതുപോലെ നിസ്സാരമായിട്ട് അതിനെ കണക്കാക്കുകയും ചെയ്യുന്നു. അവൻ കുറ്റകൃത്യത്തെ സ്വാഗതം ചെയ്തുകൊണ്ട് ചവിട്ടി മെതിക്കുകയും അതുപോലെതന്നേ പരിശുദ്ധൻ നടിച്ച് ഇരിക്കുകയും ചെയ്യുന്നു. വേറൊരുവനാകട്ടെ ഭയങ്കര ആപത്തിലാകുകയും, എന്നാൽ ഈ സ്വയം-സംതൃപ്തനായ പരമ വിഡ്ഢിയായവൻ ചിന്തിക്കുന്നത് അവന് എന്തോ ഒരു ശക്തി ഉള്ളതിനാൽ തനിക്ക് അതിനെ വിജയിക്കുവാനും,, അതുപോലെ അവൻ വലിയ ബുദ്ധിമാനായവനെന്നും, വളരെ അനുഭവ ജ്ഞാനം ഉള്ളവനാണെന്നും, അങ്ങനെ വളരെ സുരക്ഷിതമായ സ്ഥലത്തു തനിക്ക് നിർത്തു

(ശേഷം 7-ാം പേജിൽ)

(2-ാം പേജിന്റെ തുടർച്ച)

സകല സത്യത്തിലും നമ്മെ വഴി നടത്തുന്ന പരിശുദ്ധാത്മാവ്

വാനും കഴിയുമെന്നാണ്. ഈ ഈയാംപാറ്റയ്ക്കു മെഴുകു തിരിയുമായിട്ട് കളിയ്ക്കുവാൻ കഴിയും. അതുപോലെ അതിന്റെ ചിറകുകൾ തീയിൽ കരിയുന്നുമില്ല. പാപത്തിന്റെ വഞ്ചനയാൽ ആരാണോ വളരെ സുരക്ഷിതരായി ഇരിക്കുന്നത് അവർ വളരെ ആപത്ത്ഘട്ടത്തിൽ എത്തിചേരുന്നു. ഓ, കൃപയാൽ ജാഗ്രത പാലിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുക. അങ്ങനെ നന്മക്കു ആയി തീരാം "പാപത്തിന്റെ ചതിക്കുഴിയിൽ നിന്ന് ഉറപ്പോടെ രക്ഷ നേടാം".

പാപം വേറെയും ചില പ്രവൃത്തികൾ കൂട്ടിചേർക്കുന്നു. "അതുപോലെ, എല്ലാത്തിനുശേഷം, താങ്കൾ ഒരു അപരാധി ആയിരുന്നാലും, എന്നിട്ടും താങ്കൾ അത്രയ്ക്കു വളരെ മോശം ആളല്ലന്നും അതുപോലെ പ്രലോഭനങ്ങളുടെ കാര്യത്തിലാണെങ്കിൽ, പാപപ്രവൃത്തികളിൽ താങ്കൾക്കു ലഭിക്കുന്ന അധികം ആയ ആനുകൂല്യത്താൽ അത്ഭുതപ്പെട്ടു പോകും. മൊത്തത്തിൽ, മറ്റുള്ളവർ പ്രവർത്തിക്കുന്നതിലും അധികം മെച്ചം ആയിട്ടു താങ്കൾക്ക് പെരുമാറുവാൻ സാധിയ്ക്കും". അങ്ങനെ, പാപി ഒരു വസ്ത്രം നെയ്തു എടുക്കുകയാണ്. അവന്റെ പാപമാകുന്ന വലയിൽ നിന്നുള്ള നൂലുകളാൽ സ്വയം നീതീകരണം യാതൊരു കാരണവശാലും പ്രയോജനപ്പെടാത്തതാണ്. നമ്മുടെതായ പരാജയ വശങ്ങളെ ന്യായീകരിക്കുന്നതിനായിട്ടുള്ളതാണ് ഇതൊക്കെയും. ഇങ്ങനെയുള്ള പാപത്തിന്റെതായ ചതിക്കുഴികൾ പാപത്തെ വാനോളം പുകഴ്ത്തുന്നതിനായിട്ട് ഉപകരിക്കുന്നുള്ളൂ.

അപ്പോൾ പാപം പറയുകയാണ്, "കൊള്ളാം, നിങ്ങളുടെ നഷ്ടപ്പെട്ട സമയം വേഗത്തിൽ പ്രയോജനപ്രദമാക്കാം. ദൈവത്തോട് അടുത്ത് ജീവിക്കുക, അതുപോലെ അധികം ഉപയോഗപ്രദം ആകുക! അങ്ങനെ നിങ്ങളുടെ ഹ്രസ്വമായ അകന്നു പോകൽ വേഗത്തിൽ ഉയർത്തികൊണ്ടു വരാം? ഇത് വീണ്ടും ഒരു സാഹസിക പരിശ്രമത്താൽ ക്ഷമാപണത്തിന്റെ വിലയെ കുറിച്ച് പരുക്കനായ ഒരു ആലോചനയെ മുന്നോട്ടു വയ്ക്കുന്നു. "നല്ല പ്രവർത്തികൾക്കായിട്ട് എന്തെങ്കിലും അധികമായിട്ട് വ്യയം ചെയ്യുക, അങ്ങനെ തെറ്റിന്റെതായ കാര്യത്തിൽ ഭേദഗതികൾ വരുത്തുക.

തെറ്റായ വാഗ്ദത്തങ്ങൾ

പാപത്തിന്റെ ചതി വീണ്ടും നമുക്ക് ദർശിക്കുവാൻ സാധിക്കുന്നു. ഇതിന്റെ വാഗ്ദത്തങ്ങളിൽ; പാപത്തിൽ നിന്നു ദൂരെ അകന്ന് നമ്മുക്ക് പോകേണ്ടതായിട്ട് വരുന്നില്ല. നമ്മിൽ അത് എത്ര ഭയങ്കരമായിട്ട് കിടക്കുന്നു എന്ന് കണ്ടെത്തുന്നില്ല എങ്കിൽ. ഇത് സ്വാതന്ത്ര്യത്തിന്റെ വാഗ്ദത്തം ആണ് നല്കുന്നത്, അതുപോലെ ആരാണോ ഈ ചതിക്കുഴിയിൽ അകപ്പെടുന്നത് അവൻ അതിന്റെ ഒരു അടിമയായി തീരുകയും ചെയ്യുന്നു. ഇത് വെളിച്ചം വാഗ്ദത്തം ചെയ്യുന്നു. അതുപോലെ ആ മനുഷ്യൻ പഴയ വിശ്വാസത്തെ ഉപേക്ഷിക്കുകയും പുതിയ പ്രകാശത്തിന്റെ പിൻഗാമിയായിട്ടു വീണ്ടും തീരുന്നു. നേരത്തെ ഉണ്ടായിരുന്ന അന്ധകാരത്തിന്റെ കാഠിന്യം ഇപ്പോൾ ഏഴ് മടങ്ങ് അർദ്ധരാത്രിയായിട്ടു മാറുന്നു. പാപം വാഗ്ദാനം ചെയ്യുന്നത് ആത്മാവിന്റെയും അതുപോലെ മനസ്സിന്റെയും ഉയർത്തലുകളും, ഇതിനു മുമ്പെ ലോകത്തിലെ അധമന്നും, സന്തോഷങ്ങളെ സ്നേഹിച്ചു നടന്നവനും, നിരങ്ങുന്നവരും, അന്ധവിശ്വാസത്തിൽ ആയവനായിരുന്നു. പാപം അതിന്റെതായ ഒരു വാഗ്ദാനങ്ങളും കാത്തുസൂക്ഷിക്കുന്നില്ല, രക്ഷിക്കുന്നതേ ഉള്ളൂ. വിശുദ്ധി സത്യം ആണ്, എന്നാൽ പാപം കള്ളം ആണ്. പാപം വീണ്ടും വീണ്ടും തെറ്റാണ്. ഇത് സന്തോഷത്തെ വാഗ്ദാനം നല്കുന്നു. അതുപോലെ ദുരിതങ്ങളിലേയ്ക്കു നയിക്കുന്നു. ഇത് ഒരു സ്വർഗ്ഗം ആണെന്നുള്ള കപടം നടിക്കുന്നു. എന്നാൽ യഥാർത്ഥമായ നരകത്തെ അടിച്ച് ഏൽപ്പിക്കുകയാണ്.

കർത്താവിൽ ആശ്രയിക്കുന്നതിനാൽ സത്യത്തിൽ നിങ്ങൾ സംരക്ഷിക്കപ്പെടുന്നു

ഒരു പുരുഷനും ചിന്തിക്കരുത് താൻ ഒരിക്കലും ചതിക്കപ്പെടുകയില്ല എന്ന്, അവന്റെ അഹങ്കാരത്താൽ കബളിപ്പിക്കപ്പെട്ടിരിക്കുകയാണ്. ഒരു സ്ത്രീയും സ്വപ്നം കാണരുത് പരിപൂർണ്ണ അവസ്ഥയിലേയ്ക്കു താൻ എത്തിചേർന്നു പാപത്താൽ അവൾ ഒരിക്കലും കബളിപ്പിക്കപ്പെടുകയില്ല എന്നും, ഇപ്പോൾ തന്നേ അവളുടെ തലയ്ക്കു മീതെ വലിയ ആപത്തു തൂങ്ങി കിടക്കുകയാണ്. നമുക്ക് ഒരു വക്രതബുദ്ധിയുള്ള ശത്രുവാണ് ഉള്ളത്, അതുപോലെ തന്നേ നമുക്ക് യാതൊരു ബുദ്ധിയുമില്ല. അതുപോലെ തന്നേ പഴയ പാമ്പിന്റെ അതേ വൈദഗ്ദ്ധ്യത്തെ മനസ്സിലാക്കുവാനും പാപത്തിന്റെ ചതിക്കുഴിയെ നേരിടുവാനും കഴിയുന്നില്ല. "ജ്ഞാനത്തിന്റെ ദൈവത്തെ നാം വിളിച്ച് സഹായം തേടുന്നില്ലെങ്കിൽ, കുലക്കളത്തിലേയ്ക്കു നയിക്കപ്പെടുന്ന ഒരു കാളയെ പോലെ നാം നയിക്കപ്പെടുകയും, നമ്മുടെ വിഡ്ഢിത്തരത്തിൽ തന്നേ നാം നശിക്കുകയും ചെയ്യും.

പ്രായോഗികമായ നിരീക്ഷണം

പാപത്തിന്റെ വഞ്ചന സ്വഭവും, അതുപോലെ അതിനായിട്ടുള്ള ഉറപ്പിനു, എതിരായി ശക്തമായിട്ടു പോരാടേണം. എങ്ങനെയാണ് ചെയ്യപ്പെടുവാൻ കഴിയുന്നത്?

ഹൃദയത്തെ കാഠിന്യത്തിലാക്കാതെ കാത്തുസൂക്ഷിക്കുകയും, പാപത്തിന്റെ ചതിയിൽ നിന്നു, എന്നിട്ട് വിശ്വാസത്തോടു ആയിരിക്കുക. നാം വായിക്കുന്നു, "അവരുടെ ശവങ്ങൾ മരുഭൂമിയിൽ വീണുപോയി. എന്റെ സ്വസ്ഥതയിൽ പ്രവേശിക്കുകയില്ല എന്നു ആണയിട്ടതു അനുസരണം കെട്ടവരോടല്ലാതെ പിന്നെ ആരോടാകുന്നു? ഇങ്ങനെ അവിശ്വാസം നിമിത്തം അവർക്കു പ്രവേശിപ്പാൻ കഴിഞ്ഞില്ല എന്നു നാം കാണുന്നു" (എബ്രാ.3:18-19). വിശ്വസിക്കുക! വിശ്വാസം താങ്കളെ രക്ഷിച്ചിരിക്കുകയാണ്. വിശ്വസിക്കുക! വിശ്വാസം താങ്കളെ രക്ഷിയ്ക്കും. വിശ്വാസം താങ്കളെ ക്രിസ്തുവിങ്കലേയ്ക്കു കൊണ്ടുവന്നിരിക്കുകയാണ്. വിശ്വസിക്കുക! ഇത് താങ്കളെ ക്രിസ്തുവിൽ നിലനിർത്തും. ഇന്നത്തെ പ്രലോഭനങ്ങൾക്കെതിരെ വിശ്വസിയ്ക്കുക. വരും കാലഘട്ടങ്ങളിൽ വന്നേക്കാവുന്ന എല്ലാ പാപത്തിന്റെ ചതിയെക്കുറിച്ചും വിശ്വസിക്കുക. താങ്കൾ അത് കണ്ടെത്തും, വിശ്വാസം വളർന്ന് വളർന്ന് താഴെക്കും അതിനു അനുസൃതമായിട്ടു, പാപത്തിന്റെ എല്ലാ കബളിപ്പിക്കലും അവസാനിക്കുന്നതായിട്ടും. ജീവനുള്ള ദൈവത്തിൽ വിശ്വസിക്കുക, അവിടുന്നുള്ള നീതീകരണത്തിലും, അവിടുത്തെ നാമത്തെ സേവിക്കുന്നതിനുള്ള താങ്കളുടെ കടപ്പാടിനെ കുറിച്ചും

(ശേഷം 8-ാം പേജിൽ)

(7-ാം പേജിന്റെ തുടർച്ച)

സകല സത്യത്തിലും നമ്മെ വഴി നടത്തുന്ന പരിശുദ്ധാത്മാവ്

അപ്പോൾ പാപം അങ്ങേയറ്റം പാപമാണെന്ന് വെളിപ്പെടും. ക്രിസ്തുവിൽ വിശ്വസിക്കുക, താങ്കളുടെ പാപത്തെ വഹിച്ചവനെ, ആ മരക്കുരിശിൽ അതിനെ സ്വന്തം ശരീരത്തിലേയ്ക്കു സ്വീകരിച്ചവനെ - അപ്പോൾ പാപം അതിന്റെ കറുത്ത നിറത്തിൽ കാണപ്പെടുന്നു. പരിശുദ്ധാത്മാവിൽ വിശ്വസിക്കുക, പാപത്തിന്റെ ചതിക്കുഴിയിൽ താങ്കളെ രക്ഷിക്കുവാൻ കഴിയുവുള്ള ആ ശക്തിയിൽ; അതുപോലെ താങ്കൾ വിശ്വസിക്കുന്നതുപോലെ, താങ്കൾക്ക് അത് നല്കപ്പെടും, താങ്കൾക്ക് വളരെ വേഗത്തിൽ നില്ക്കുവാനും കഴിയും. എവിടെയാണ് അര വിശ്വാസി (പകുതി വിശ്വാസമുള്ളവൻ) വഴുതി വീണത്.

അടുത്ത ഒരു ഉപദേശം ഞാൻ നല്കുവാൻ ആഗ്രഹിക്കുന്നത്. ഇതാണ് - താങ്കൾ പാപത്തിന്റെ കബളിപ്പിക്കലിൽ നിന്നു രക്ഷ പ്രാപിച്ചുവെന്നു ബോധ്യമായാൽ സത്യസന്ധതയോടുകൂടി ദൈവത്തിന്റെ മുമ്പാകെ അത് പറയുക. ജീവനുള്ള ദൈവത്തിന്റെ മുമ്പാകെ താങ്കളുടെ നഗ്നമായ ഹൃദയത്തെ അർപ്പിക്കേണ്ടത് വളരെ അത്യാവശ്യമാണ്. താങ്കളുടെ തിന്മയുടെ മോശ പ്രവർത്തികൾ അത് പശ്ചാത്തപിച്ച് ശുദ്ധീകരണം പ്രാപിക്കുക; എന്തുകൊണ്ടെന്നാൽ ഈ വളരെ ലളിതമായ പ്രായശ്ചിത്തം മുഖാന്തരം ദൈവീക പാപക്ഷമ ലഭിക്കുക മാത്രമല്ല താങ്കൾക്ക്, പ്രത്യുത ഭാവിയുടെ വിശുദ്ധിയും കൂടെ പ്രദാനം ചെയ്യപ്പെടുകയാണ്. ഒ, ദൈവാത്മാവ് താങ്കളെ ഇത് പഠിപ്പിക്കട്ടെ!

വീണു, ഹൃദയത്തെ വലിയ നന്മയ്ക്കായിട്ടു ഒരുക്കി എടുക്കുക. എന്നെപ്പോലെ, വേനൽക്കാലത്ത് ചോളം വിളഞ്ഞു അത് ഒരു വശത്തേക്കു ചാഞ്ഞ് കിടക്കുന്നതുപോലെ ദൈവവചനത്താൽ ഞാൻ അതിലേയ്ക്കു ചായുകയാണ് ചെയ്തത്. മന്ദമാരുതനാൽ ഇലകൾ സദാ ചലിക്കുന്ന പോപ്ലാർ വൃക്ഷത്തെപോലെ പരിശുദ്ധാത്മാവിനാൽ ഞാനും ദൈവത്തിന്റെ ആത്മാവിനാൽ ചലിക്കുവാൻ തയ്യാറുള്ളവനായിരുന്നു. എന്റെ കർത്താവിന്റെ വളരെ മാന്യതയോടുകൂടിയ ശ്വാസത്തെ മനസ്സിലാക്കുവാനും ഞാൻ വളരെ സ്പർശനബോധം ഉള്ളവനാണ്.

അങ്ങനെ നമുക്ക് വളരെ ഉത്സാഹം ഉള്ളവരാകാം, കർത്താവ് അവിടുത്തെ കൃപയാൽ നമ്മെ കാത്തുസൂക്ഷിക്കുന്നുവെങ്കിൽ, “ദിനന്തോറും പരസ്പരം പ്രബോധിപ്പിക്കുവാൻ”. നല്ല വിശ്വാസികൾ വളരുന്നത് അവരുടെ സുഹൃത്തുക്കളുടെ ആശയവിനിമയത്താലാണ്.

എന്നാൽ, ഒ, പ്രിയപ്പെട്ട കൂട്ടുകാരേ, ഞാൻ പറഞ്ഞതിനു എല്ലാറ്റിനുംശേഷം, കർത്താവു സൂക്ഷിച്ചവനെ അവിടുന്നു നല്ലവണ്ണം സൂക്ഷിക്കുന്നു. താങ്കളെ തന്നേ കർത്താവിങ്കലേയ്ക്കു സമർപ്പിക്കുക, പരിശുദ്ധാത്മാവ്, ഇടറി വീഴാതെ താങ്കളെ കാത്തു സൂക്ഷിയ്ക്കുവാൻ ശക്തനാണ്. അവിടുത്തെ നാമത്തിൽ ആശ്രയിക്കുക, വിശ്വസ്തവും അതുപോലെ സത്യസാക്ഷിയുമായവനു, താങ്കളെ പാപത്തിന്റെ എല്ലാ വ്യാജത്തരങ്ങളിൽ നിന്നു വിടുവിക്കുകയും, അതുപോലെ അന്ത്യത്തോളം സത്യത്തിൽ കാത്തുസൂക്ഷിക്കുകയും ചെയ്യും. ❖

(4-ാം പേജിന്റെ തുടർച്ച)

ക്രിസ്തു എല്ലാം ആകുന്നു

അവിടുന്ന് വീണ്ടും വരുന്നു

യേശുവിന്റെ വീണ്ടുംവരവിനെ തുച്ഛീകരിക്കുകയും അതുപോലെ നിസ്സാരമായിട്ടു കാണുകയും ചെയ്യുന്ന ഇന്നത്തെ ദുരുപദേശക്കാർ അവർ വളരെ ദൗർഭാഗ്യകരമായ സാഹചര്യത്തിൽ ആണ്. അവിടുന്ന് മടങ്ങി വരുന്നത് ഭയങ്കരമായ ബലത്തോടേയും അതുപോലെ മഹത്വത്തോടെയും ആണ് (മർ.13:26; ലൂക്കോ. 9:26). “ഇതാ, അവൻ മേഘരൂഢനായി വരുന്നു; ഏതു കണ്ണും, അവനെ കുത്തി തുളച്ചവരും അവനെ കാണും; ഭൂമിയിലെ ഗോത്രങ്ങൾ ഒക്കെയും അവനെച്ചൊല്ലി വിലപിക്കും. ഉവ്വു, ആമേൻ” (വെളി. 1:7). “ദൈവത്തെ അറിയാത്തവർക്കു നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കുമ്പോൾ നിങ്ങളെ പീഡിപ്പിക്കുന്നവർക്കു പീഢയും പീഢ അനുഭവിക്കുന്ന നിങ്ങൾക്കു ഞങ്ങളോടു കൂടെ ആശ്വാസവും പകരം നല്കുന്നതു ദൈവസന്നിധിയിൽ നീതിയല്ലോ” (2 തെസ്സ.1:7-8).

വരും ദിവസങ്ങളിൽ, “നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു” (2 കൊരി. 5:10). അതുപോലെ ആരൊക്കെ ആണ് അവിടുത്തെ നാമത്തെ തിരസ്ക്കരിച്ചതും അതുപോലെ അവിടുത്തെ പഠിപ്പിക്കലുകൾ ഉപേക്ഷിച്ചവരെയും അവിടുത്തെ വചനത്താൽ ന്യായം വിധിക്കും (യോഹ. 12:48). നമ്മളിൽ ആരൊക്കെയാണ് അവനെ കർത്താവ് എന്ന് അറിഞ്ഞിരിക്കുന്നവർ മുന്നോട്ട് നോക്കുക, “ഭക്തി കേടും പ്രപഞ്ചമോഹങ്ങളും വർജ്ജിച്ചിട്ടു ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവഭക്തിയോടും പ്രപഞ്ച മോഹങ്ങളും കൂടെ ജീവിച്ചു പോരേണ്ടതിനു അതു നമ്മെ ശിക്ഷിച്ചു വളർത്തുന്നു” (തീത്തോസ് 2:13; എബ്രാ. 9:28). അവിടുന്ന് നമ്മെ വരുവാനുള്ള കോപത്തിൽ നിന്നു രക്ഷിയ്ക്കുന്നു (1 തെസ്സ.1:10). “സുവിശേഷം അനുസരിക്കാത്തവർ കർത്താവിന്റെ സന്നിധാനവും അവന്റെ വല്ലഭത്വത്തോടു കൂടിയ മഹത്വവും വിട്ടകന്നു നിത്യനാശം എന്ന ശിക്ഷാവിധി അനുഭവിക്കും” (2 തെസ്സ. 1:10).

താങ്കളുടെ ശ്രദ്ധയെ ക്രിസ്തുവിൽ കേന്ദ്രീകരിക്കുക

ഇന്ന് വളരെ അധികം ദുരുപദേശങ്ങൾ ലോകത്തിൽ ഉള്ളപ്പോൾ തന്നേ സഭയെ സംബന്ധിച്ചിടത്തോളം ക്രിസ്തു, “യേശുക്രിസ്തു ഇന്നലേയും ഇന്നും എന്നന്നേക്കും അനന്യൻ തന്നേ” (എബ്രാ.13:8). അതുപോലെ എല്ലാ കാര്യങ്ങളിലും തിരുവചനത്തിൽ അവനെ സംബന്ധിച്ചുള്ളത് സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. അവിടുന്ന് ദൈവീകത്വം ഉള്ള ദൈവപുത്രനാണ്, രക്ഷയ്ക്കുള്ള ഒരേഒരു മാർഗ്ഗവും, അതുപോലെ അവിടുന്നു വീണ്ടും വരുന്നു രാജാധിരാജാവും കർത്താതികർത്തനും ആയിട്ട് (വെളി. 11-16). അവിടുത്തെ വ്യക്തിത്വത്തെയും അതുപോലെ പ്രവൃത്തിയേയും കുറച്ചു കാട്ടുകയും നിന്ദിക്കുകയും ചെയ്യുന്ന തരത്തിലുള്ള എല്ലാ ഉപദേശങ്ങളും പഠിപ്പിക്കലുകളെയും കുറിച്ച് നല്ലവണ്ണം ജാഗ്രത ഉള്ളവരായി തീരുക. ❖

ജാഗ്രതരാകുക ഒരു വ്യാജ സുവിശേഷത്തെ കുറിച്ച്

By Arthur W Pink

കർത്താവ് നല്ല വിത്ത് വിതച്ച ആ വയലിൽ തന്നേ പിശാച് വളരെ തിടുക്കത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അവൻ അന്വേഷിക്കുന്നത് ഗോതമ്പിന്റെ വളർച്ചയെ തടയുകയാണ്. മറ്റൊരു ഇനം സസ്യത്തെ ഉപയോഗിച്ച്, ഗോതമ്പിന്റെ വളർച്ചയെ നശിപ്പിക്കുവാൻ, തോട്ടത്തിൽ ഗോതമ്പുതന്നെയാണ് എന്നുള്ള സാദൃശ്യം ഉള്ളതിനെ ഉപയോഗിക്കുന്നു. അനുകരണംകൊണ്ട് അവൻ ലക്ഷ്യമിടുന്നത് ക്രിസ്തുവിന്റെ പ്രവൃത്തിയെ മന്ദഗതിയിലാക്കുക എന്നുള്ളതാണ്. അതുകൊണ്ട്, ക്രിസ്തുവിന് ഒരു സുവിശേഷം ഉള്ളതുപോലെ, പിശാചിനു വേറൊരു സുവിശേഷം ഉണ്ട്, മുൻപ് പറഞ്ഞതിനു തുല്യത കാട്ടുന്ന ഒരു ബുദ്ധിയോടുള്ള കള്ള നാണയം. വളരെ അടുപ്പത്തോടെ പിശാചിന്റെ സുവിശേഷം പ്രവൃത്തിക്കുന്നതിനാൽ സ്വർഗ്ഗീയമായതു പോലുള്ള അനുഭവത്തിലേയ്ക്കു ജനം ആകൃഷ്ടരാകുകയും, ജനകൂട്ടങ്ങൾ, രക്ഷിക്കപ്പെടാത്തവർ ഇതിനാൽ വഞ്ചിതരാകുകയും ചെയ്യുന്നു.

ഗലാത്യ ലേഖനം എഴുതുമ്പോൾ ഇതിനെ കുറിച്ച് അപ്പോസ്തലനായ പൌലോസു പറയുന്നത്, “ക്രിസ്തുവിന്റെ കൃപയാൽ നിങ്ങളെ വിളിച്ചവനെ വിട്ടു നിങ്ങൾ ഇത്രവേഗത്തിൽ വേറൊരു സുവിശേഷത്തിലേക്കു മറിയുന്നതുകൊണ്ടു ഞാൻ ആശ്ചര്യപ്പെടുന്നു. അതു വേറൊരു സുവിശേഷം എന്നല്ല, ചിലർ നിങ്ങളെ കലക്കി ക്രിസ്തുവിന്റെ സുവിശേഷം മറിച്ചുകളവാൻ ഇച്ഛിക്കുന്നു” (ശല്യാ.1:6-7)

ഈ തെറ്റായ സുവിശേഷം (വ്യാജ സുവിശേഷം) അപ്പോസ്തലന്മാരുടെ കാലഘട്ടത്തിൽ തന്നേ പ്രതിധ്വനിക്കപ്പെട്ടിരുന്നു, ആ പ്രസംഗിക്കപ്പെട്ടവരുടെ മേൽ വളരെ പേടിപ്പെടുത്തുന്ന ശാപങ്ങൾ വന്നിരുന്നു. അപ്പോസ്തലൻ തുടരുകയാണ്, “എന്നാൽ ഞങ്ങൾ നിങ്ങളോടു അറിയിച്ചതിനു വിപരീതമായി ഞങ്ങൾ ആകട്ടെ സ്വർഗ്ഗത്തിൽ നിന്നു ഒരു ദൂതനാകട്ടെ നിങ്ങളോടു സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ” (ഗലാ.1:8).

പിശാചിന്റെ സുവിശേഷം എന്നത് ഒരു വിപ്ലവാത്മകമായ തത്വങ്ങളുടെ ക്രമീകരണ സംവിധാനമോ, അരാജകത്വത്തിന്റെ പരിപാടിയോ അല്ല. ഇത് സമരമോ അതുപോലെയുദ്ധത്തിലേയ്ക്കു നയിക്കുന്നില്ല, എന്നാൽ ഐക്യത്തിനായിട്ടു സമാധാനത്തിനായിട്ടാണ് ലക്ഷ്യം ഇട്ടിരിക്കുന്നത്. മകളെ അവളുടെ മാതാവിന് എതിരായിട്ടു മകനെ അവന്റെ പിതാവിന് എതിരായിട്ടു എഴുന്നേൽപ്പിക്കുന്നില്ല, പ്രത്യുത “സഹോദര്യബന്ധ”ത്തിനു ലക്ഷ്യം ഇട്ടുകൊണ്ട് എവിടെ ആണോ മാനവരാശി പ്രവർത്തിക്കുന്നത് അവിടെ അവരുടെ സാഹോദര്യത്തെ പരിപോഷിപ്പിക്കുന്നതിനായിട്ടാണ് ഇത് പ്രവർത്തിക്കുന്നത്. സ്വാഭാവിക മനുഷ്യന്റെ തൽസ്ഥാനത്തു നിന്ന് വലിച്ച് തള്ളിയിടുവാൻ ഇത് പരിശ്രമിക്കുന്നില്ല, എന്നാൽ വളർത്തുവാനും അതുപോലെ അവനെ ഉയർത്തുവാനുമാണ് പ്രവർത്തിക്കുന്നത്. ഇത് ഉപദേശിക്കുന്നത് വിദ്യാഭ്യാസത്തേയും അതുപോലെ കൃഷിപ്പണിയേയും അതുപോലെ “നമുക്ക് കഴിയുന്നതിൽ മെച്ചം ആയത് നമ്മളിൽ നിന്ന്” എന്നാണ്.

ഇത് ലക്ഷ്യം ആക്കുന്നത് ഈ ലോകത്തെ ഒരു സുഖകരവും അതുപോലെ പൊരുത്തമുള്ളതും സ്വഭാവവും ജീവിതചര്യകളും അതിൽ ദൈവത്തിന്റെ ആവശ്യകത വരാത്തതും ക്രിസ്തുവിന്റെ അസാന്നിദ്ധ്യത്താലും ഉള്ളതാണ്. ഇത് ലക്ഷ്യം ഇടുന്നത് മനുഷ്യനെ വളരെ ഉത്സാഹം ഉള്ളവരാക്കി തീർക്കുകയാണ്. ഈ ലോകത്തിൽ അതായത് അവന് ഇവിടെയാതൊരു സമയവും പാഴാക്കി കളയുവാൻ ഇല്ലാത്തതും അല്ലെങ്കിൽ വരുവാനുള്ള ലോകത്തെ കുറിച്ച് ചിന്തിച്ച് അതിൽ മുഴുകി പോകുന്നതിനോ കഴിയുന്നതുമില്ല. ഇത് പരസ്യമായിട്ടു വിളിച്ചു പറയുന്നത് സ്വയം -ത്യാഗത്തിന്റെയും ഔദാര്യതയുടേയും അതുപോലെ മനുഷ്യസ്നേഹത്തിന്റെയും, തത്വങ്ങളേയും, അതുപോലെ മറ്റുള്ളവരുടെ നന്മയ്ക്കായിട്ടു ജീവിക്കുന്നതിനായിട്ടും, എല്ലാവരോടും ദയയുള്ളവരായിട്ടു ജീവിക്കുവാനും ആണ് പഠിപ്പിക്കുന്നത്. ജഡിക മനുഷ്യന്റെ മനസ്സിനെ ഇത് വളരെ ശക്തമായിട്ടു സന്തോഷിപ്പിക്കുകയും അതുപോലെ കൂട്ടങ്ങളുമായിട്ട് വളരെ സാഹോദര്യം ഉള്ളതു ആണ്, എന്തുകൊണ്ടെന്നാൽ സ്വാഭാവിക മനുഷ്യൻ ഒരു വീണുപോയ സൃഷ്ടിയാണെന്നുള്ള പരമായ സത്യത്തെ അറിയാതെ ഇരിക്കുകയും, ദൈവത്തിന്റെ ജീവനിൽനിന്നു വളരെ വിദൂരമായി പോയതും, പാപത്തിലും അതുപോലും അകൃത്യങ്ങളിലും മരിച്ചവരും, വീണ്ടും ജനനം അതിൽ മാത്രമാണ് അവനുള്ള ഏക പ്രതിഷ്ഠ എന്നുള്ളതും.

ക്രിസ്തുവിന്റെ സുവിശേഷത്തിന് വിപരീതമായത്, പിശാച് പഠിപ്പിക്കുന്നത് രക്ഷ അത് പ്രവൃത്തികളിൽ കൂടിയും അതുപോലെ മാനുഷികമായ നന്മകളുടെ (ഗുണങ്ങളുടെ) അടിസ്ഥാനത്തിൽ മനുഷ്യന് ദൈവത്തിങ്കൽ നിന്നുള്ള നീതീകരണം ആണെന്നാണ്. ഇതിനുള്ള ദൈവീകമായ ശൈലി “നല്ലവനാകുക അതുപോലെ നല്ലത് പ്രവൃത്തിക്കുക” എന്നുള്ളതാണ്; എന്നാൽ ഇത് പരാജയപ്പെടുകയാണ്. ജഡത്തിൽ യാതൊരു നന്മയും വസിക്കുന്നില്ലയെന്നുള്ള സത്യത്താൽ ഇത് വിളംബരം നടത്തുകയാണ്. രക്ഷ അത് സ്വഭാവത്താൽ ലഭ്യം ആണെന്നും എന്നാൽ ദൈവ വചനത്തിന്റെ ക്രമീകരണത്തെ പുറകോട്ടു കൊണ്ടു പോകുന്നതുമാണ് - സ്വഭാവത്താൽ, രക്ഷയുടെ ഫലത്താൽ.

ഇന്നത്തെ നമ്മുടെ ആധുനികതയുടെ പ്രസംഗപീഠത്തെ സമീപിക്കുന്ന ആയിരങ്ങളായ ശ്രോതാക്കളോട് ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനപരമായ സത്യത്തെ അവതരിപ്പിക്കുന്നതിൽ ആരും ബദ്ധശ്രദ്ധാലുക്കൾ അല്ല എന്നുള്ളതാണ് ഒരു യാഥാർത്ഥ്യം, എന്നാൽ അവരെല്ലാം സത്യത്തിൽ നിന്ന് ഒരു ഭാഗത്തേയ്ക്കു മാറിയിട്ട് കിഴവി കഥകൾ കേൾക്കുവാൻ വിധിക്കപ്പെട്ടിരിക്കുകയാണ്. പാപത്തിന്റെ ഭീകരാവസ്ഥ വെളിപ്പെടുത്തുന്നതിനു പകരവും അതുപോലെ അന്തിമമായിട്ടു സംഭവിക്കുവാൻ പോകുന്ന അതിന്റെ പരിണിത ഫലങ്ങളെയും കുറിച്ചു വ്യക്തമാക്കാതെ ഇരിക്കുന്നു. അവർ അതിനെ ന്യായീകരിച്ചു ചെറുതാക്കുകയാണ്. അതായത് പാപം എന്നാൽ കേവലം അറിയായ്മയും

(ശേഷം 10-ാം പേജിൽ)

(9-ാം പേജിന്റെ തുടർച്ച)

ജാഗ്രതരാകുക ഒരു വ്യാജ സുവിശേഷത്തെ കുറിച്ച്

അല്ലെങ്കിൽ നന്മകളുടെ അസാന്നിദ്ധ്യവുമാണ്.

അവരുടെ കേൾവിക്കാരെ മുന്നറിയിപ്പ് നല്കി അവരെ ജാഗ്രതരാക്കുക "വരുവാനുള്ള കോപത്തിൽ നിന്ന് ഓടി മാറുന്നതിനു" പകരം ഒരു ദൈവത്തെ അവർ സൃഷ്ടിച്ച് എടുക്കുകയാണ്. ഒരു കള്ളത്തരം പ്രഖ്യാപിക്കുകയാണ്. അവൻ വളരെ സ്നേഹനിധിയായവനും അതുപോലെ ദയയുള്ളവനും ആകയാൽ അവന്റെ ഒരു സൃഷ്ടിയിലും നിത്യമായ കഷ്ടത അയക്കുന്നില്ല. "രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനം ഇല്ല" എന്നു പറയുന്നതിനു പകരം, അവർ വെറുതെ ക്രിസ്തുവിനെ ഉയർത്തികാട്ടുകയാണ്. അവൻ ഒരു നല്ല ഉദാഹരണവും അതുപോലെ അവരുടെ ശ്രോതാക്കളെ ആഹ്വാനം ചെയ്യുകയുമാണ്. "അവന്റെ കാൽചുവടുകളെ പിൻതുടരുവാനും". അവരെ സംബന്ധിച്ചിടത്തോളം പറഞ്ഞിരിക്കുന്നത്, "അവൾ ദൈവത്തിന്റെ നീതി അറിയാതെ സ്വന്ത നീതി സ്ഥാപിപ്പാൻ അന്വേഷിച്ചുകൊണ്ടു ദൈവത്തിന്റെ നീതിക്കു കീഴ്പ്പെട്ടില്ല" (റോമ. 10:3).

അവരുടെ പ്രസംഗങ്ങൾ വളരെ ശരിയെന്നു തോന്നുന്ന വിധത്തിലും അതുപോലെ അവരുടെ ലക്ഷ്യം വളരെ പ്രശംസനീയവും ആയിട്ടും പ്രത്യക്ഷപ്പെട്ടേയ്ക്കാം. എന്നാൽ അവരെ കുറിച്ച് നാം വായിക്കുന്നുണ്ട്, "ഇങ്ങനെയുള്ളവർ കള്ളപ്പോസ്തലന്മാർ, കപട വേലക്കാർ, ക്രിസ്തുവിന്റെ അപ്പോസ്തലന്മാരുടെ വേഷം ധരിക്കുന്നവരത്രേ. അതു ആശ്ചര്യവുമല്ല; സാത്താൻ താനും വെളിച്ചദൂതന്റെ വേഷം ധരിക്കുന്നുവല്ലോ". ആകയാൽ അവന്റെ ശുശ്രൂഷക്കാർ നീതിയുടെ ശുശ്രൂഷക്കാരുടെ വേഷം ധരിച്ചാൽ അതിശയമല്ല; അവരുടെ അവസാനം അവരുടെ പ്രവൃത്തികൾക്കു ഒത്തതായിരിക്കും" (2 കൊരി. 11:13-15).

ഇതിനോട് കൂട്ടിചേർത്ത് ചില യാഥാർത്ഥങ്ങൾ കൂടെ ഞാൻ പറയട്ടെ. ഇന്ന് നൂറ് കണക്കിനു സഭകളിൽ ഒരു നല്ല നായകൻ (നടത്തിപ്പുകാരൻ) ഇല്ലെന്നും ദൈവത്തിന്റെ ഉപദേശത്തെ വിശ്വസ്തതയോടുകൂടി പ്രഖ്യാപിക്കപ്പെടുന്നില്ലെന്നും അതുപോലെ അവിടുന്നുള്ള രക്ഷയുടെ മാർഗ്ഗത്തെ അവതരിപ്പിക്കുന്നില്ലെന്നും, വീണ്ടും ചില സത്യങ്ങൾ കൂടെ നാം അഭിമുഖീകരിക്കുകയാണല്ലോ. ഈ സഭകളിലെ അനേകം പ്രിയപ്പെട്ടവർ സത്യത്തെ അവർക്ക് തന്നേ പഠിക്കുന്നതിന് താല്പര്യം ഇല്ലാത്തവരുമാണെന്നുള്ള കാര്യം. കുടുംബപ്രാർത്ഥന, ഇന്ന് പതിവായിട്ടു ദൈവവചനം വായിക്കപ്പെടുകയും, നാമധേയ ക്രിസ്ത്യാനികളുടെ ഭവനങ്ങളിൽ പോലും, പണ്ടുള്ളതുപോലെയുള്ള നടത്തിപ്പു വളരെ അധികമായിട്ടു പിൻതുടരുന്നതേയുള്ളൂ.

പ്രസംഗപീഠത്തിൽ നിന്നുകൊണ്ട് തിരുവചനത്തെ നല്ല വണ്ണം മഹത്വീകരിക്കുകയോ അതുപോലെ നല്ലവണ്ണം വായിക്കുകയോ ചെയ്യുന്നില്ല. ഇന്നത്തെ തിരക്കുള്ള കാലത്തിൽ, വളരെ അധികം, ആയ ജനക്കൂട്ടത്തിന് വളരെ തുച്ഛമായ സമയവും അതുപോലെ അല്പം പോലും ദൈവവും ആയിട്ടു കൂട്ടായ്മയ്ക്കു താല്പര്യവും ഇല്ലാതായിരിക്കുകയാണ്. അതുകൊണ്ട് അനേകം ജനങ്ങൾ ഉദാസീനരായി തീർന്നിരിക്കുകയാണ്. അവർക്കായിട്ടുള്ളതിനായിട്ടു അന്വേഷിക്കുന്നതിലും, ആരൊക്കെയാണോ അവരെ അതിനായിട്ടു പ്രേരിപ്പിച്ചതോ അവരെയൊക്കെയും ഉപേക്ഷിച്ച് മയമില്ലാത്ത ഹൃദയത്തോടെയും ആയിരിക്കുകയാണ്, അനേകം പ്രിയപ്പെട്ടവർ അവരുടെ വിശ്വാസത്തെ ഒറ്റികൊടുത്തിരിക്കുകയാണ്. സമ്പത്തിനെ കുറിച്ചും അതുപോലെ സാമൂഹിക പ്രശ്നങ്ങളെ കുറിച്ചുമുള്ള പഠനത്താലും അതുപോലുള്ള വിശദീകരണത്താലും പ്രത്യുത ദൈവീക വചനം കേൾക്കുന്നതിനും വെളിപ്പാടുകൾ പ്രാപിക്കുന്നതിനും.

സദൃശവാക്യങ്ങൾ 14:12 -ൽ നാം വായിക്കുന്നത്, "ചിലപ്പോൾ ഒരു വഴി മനുഷ്യനു ചൊവ്വായിതോന്നും, അതിന്റെ അവസാനമോ മരണവഴികൾ അത്രേ". ഇവിടെ പറയുന്നത് "ഒരു വഴി" അത് "മരണ"ത്തിൽ ആണ് അവസാനിക്കുന്നത്. ഇത് പിശാചിന്റെ വഞ്ചനയാണ് - സാത്താന്റെ സുവിശേഷം മാനുഷിക നേട്ടങ്ങളാൽ (പരിശ്രമത്താലുള്ള) രക്ഷയ്ക്കുള്ള ഒരു മാർഗ്ഗം. ഇത് ഒരു വഴി ആകുന്നു. "ചൊവ്വായി തോന്നുന്നു", അതിനെ പറയുന്നത്, ശരിയായി തോന്നുന്ന വിധത്തിലാണ് ഇത് അവതരിക്കപ്പെടുന്നതും അത് മനുഷ്യനെ സന്തോഷിക്കുന്നതും അവർക്കു പ്രീതി ഉള്ളതാക്കിതീർക്കുകയും ചെയ്യുന്നു. അത് വളരെ വൈദഗ്ദ്ധ്യത്തോടും അതുപോലെ ആകർഷണത്വം ഉളവാക്കുന്നതുപോലെയും ആകുന്നു. കേൾവിക്കാരായ ജ്ഞാനികളെ കുറിച്ച് അത് ഇങ്ങനെ സംസാരിച്ചുകൊണ്ടിരിക്കുകയാണ്.

മതപരമായ സംജ്ഞാശാസ്ത്രത്തോട് വളരെ താദാത്മ്യം പ്രാപിക്കപ്പെട്ടതാണ് അതിന്റെ സവിശേഷതകളാൽ തോന്നാം, ചിലപ്പോഴൊക്കെ ബൈബിളിനോടു അപേക്ഷിക്കാറുണ്ട്. അതിനെ പിൻതാങ്ങുന്നതിനായിട്ട് (ഇത് അനുയോജ്യം എന്നു തോന്നുന്നിടത്ത്), മനുഷ്യന്റെ മുമ്പിൽ ഉത്തുംഗമായ ആദർശങ്ങളെ ഉയർത്തിക്കാട്ടുകയും, നമ്മുടെ വേദസ്ഥാപനങ്ങളിലെ വേദപണ്ഡിതന്മാരുടെ സകലവിധമായ പിൻതുണയും ലഭിക്കുന്നും ഉണ്ട്. അവരുടെ വാദഗതികൾ തികച്ചും ശരിയാണെന്നും, അങ്ങനെ എണ്ണമറ്റ ജനങ്ങൾ ഇതിനാൽ വഞ്ചിതരാകുകയും അതുപോലെ ഇവരുടെ കെണിയിൽ അവരെല്ലാം പെട്ടുപോകുകയാണ്.

സത്യത്തിൽ നിന്നും ഉള്ള വഴിപിഴച്ച പോക്ക്

കേട്ടുകേൾവിയാൽ അല്ല ഇത് പൂർണ്ണമായി അംഗീകരിക്കുന്നത്. സത്യത്തിൽ നിന്നു വഴിപിഴച്ച പോക്കിനെ കുറിച്ച് തന്നെയാണ്. പകുതി കള്ളം എല്ലായിപ്പോഴും വളരെ അപകടകരവും അതുപോലെ തന്നേ പൂർണ്ണമായിട്ടുള്ള പരിത്യാഗവും ആണ്. അങ്ങനെ വ്യാജത്തിന്റെ അപ്പൻ പ്രസംഗപീഠത്തിൽ പ്രവേശിക്കുമ്പോൾ ഇത് അവന്റെ നടപടിക്രമം അല്ല ക്രിസ്ത്യാനിത്വത്തിന്റെ അടിസ്ഥാനപരമായ സത്യത്തെ അപ്പാടെ നിഷേധിക്കുന്നത്, പ്രത്യുത അവൻ വളരെ ശാന്തമായിട്ട് അതെല്ലാം അംഗീകരിക്കുകയും, അതുപോലെ അപ്പോൾ തന്നേ വളരെ തെറ്റായ വ്യാഖ്യാനങ്ങൾ നല്കുകയും വീണ്ടും തെറ്റായ പ്രയോഗക്രമവുമാണ് അവതരിപ്പിക്കുന്നത്.

ഒരു ഉദാഹരണത്തിന് ഒരു വ്യക്തിപരമായ ദൈവത്തിലുള്ള അവന്റെ അവിശ്വാസത്തെകുറിച്ച് ധൈര്യത്തോടു പറയുവാൻ തക്ക ഒരു പരമ

(ശേഷം 11-ാം പേജിൽ)

(10-ാം പേജിന്റെ തുടർച്ച)

ജാഗ്രതരാകുക ഒരു വ്യാജ സുവിശേഷത്തെ കുറിച്ച്

വിഡ്ഢിയൊന്നും അല്ല അവൻ, അവന്റെ സ്വഭാവത്തെ കുറിച്ചുള്ള തെറ്റായ ഒരു നിർദ്ദേശം നല്കുന്നതിനു ശ്രമിക്കുകയും ചെയ്യുന്നു. അവൻ വിളിച്ച് പറയുന്നത് ദൈവം എന്നത് എല്ലാ മനുഷ്യരുടേയും ആത്മീക പിതാവാണ്, തിരുവചനത്തിൽ പറയുന്നത്, “ക്രിസ്തുയേശുവിലെ വിശ്വാസത്താൽ നിങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കൾ ആകുന്നു” (ഗലാ. 3:26), അതുപോലെ, “അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു” (യോഹ. 1:12).

വീണ്ടും അവൻ പ്രഖ്യാപിക്കുകയാണ്. അതായത് ദൈവം വളരെ ദയയുള്ളവനും ഒരിക്കലും മനുഷ്യവർഗ്ഗത്തിലെ ഒരുവനേയും നരകത്തിലേയ്ക്കു അയയ്ക്കുന്നില്ലെന്നും എന്നാൽ ദൈവം തന്നേ പറഞ്ഞിരിക്കുന്നത്, “ജീവപുസ്തകത്തിൽ പേരെഴുതി കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും” (വെളി. 20:15).

വീണ്ടും, പിശാച് മനുഷ്യ ചരിത്രത്തിലെ കേന്ദ്ര വ്യക്തിത്വം ആയവനെ അറിയില്ലാ എന്നു പറയുന്ന വിഡ്ഢിയും അല്ല - കർത്താവായ യേശുക്രിസ്തുവിനെ കുറിച്ച്. എന്നാൽ നേരെ മറിച്ച്, അവന്റെ സുവിശേഷ പ്രകാരം യേശു എന്നവൻ മനുഷ്യരുടെ ഇടയിൽ ജീവിച്ചിരുന്ന മറ്റ് ആരെക്കാളും ശ്രേഷ്ഠനാണ്. അവന്റെ കാരുണ്യ പ്രവൃത്തികൾക്കും അതുപോലെ ദയയ്ക്കും, വീണ്ടും അവന്റെ സ്വഭാവ വൈശിഷ്ഠങ്ങളെയും അവന്റെ ഉപദേശങ്ങളുടെ പ്രൗഢിയിലേയ്ക്കു ആണ് ശ്രദ്ധയെ കൊണ്ടുവരുന്നത്.

അവന്റെ ജീവിതത്തെ പുകഴ്ത്തുകയും അതേസമയം അവൻ നമുക്ക് പകരമായി അനുഭവിച്ച മരണത്തെ തുച്ഛീകരിക്കുകയും, അതുപോലെ ക്രൂശിലെ ആ പരമയാഗത്തെയും അതിന്റെ എല്ലാ പ്രാധാന്യത്തെയും, അവന്റെ വിജയകരവും കല്ലറയിൽ നിന്ന് ശരീരത്തോടു കൂടിയുള്ള ഉയിർത്തെഴുന്നേല്പിനെയും കുറിച്ച് പറയുന്നത് ഏതോ അന്ധവിശ്വാസത്തിന്റെ കാലഘട്ടത്തിലെ ഒരു അബദ്ധവും എന്നാണ്. ഇത് ഒരു രക്തം ഇല്ലാത്ത സുവിശേഷം ആണ്, ക്രൂശ് ഇല്ലാത്ത ക്രിസ്തുവിനെയും ആണ് അവതരിപ്പിക്കുന്നത്. ജഡത്തിൽ ദൈവം എന്ന നിലയിൽ മഹത്വപ്പെട്ടവനല്ല. പ്രത്യുത ഒരു സാധാരണക്കാരനായ ആദർശങ്ങളുടെ മനുഷ്യൻ മാത്രം ആണ്.

ഇങ്ങനെ പറഞ്ഞിരിക്കുന്നത് വളരെ സത്യമാണ്. അതായത് നരകത്തിലേയ്ക്കുള്ള പാത എന്നത് നല്ല ചില ലക്ഷ്യങ്ങളാൽ പാത വിരിക്കപ്പെട്ട ഒന്നാണ്. അഗ്നിയുടെ തടാകത്തിൽ ധാരാളം വ്യക്തികൾ ഉണ്ടായിരിക്കും. ആരൊക്കെയോ ജീവിതത്തെ നല്ല ലക്ഷ്യങ്ങൾക്കു വേണ്ടി ഉള്ളതാണെന്ന് ഉറക്കെ പ്രസ്താവിച്ചവർ സത്യസന്ധമായ പ്രമേയങ്ങളും അതുപോലെ മഹത്വപ്പെട്ട ആദർശങ്ങളും - അവരൊക്കെ നല്ലവർ ആയിരുന്നു. അവരുടെ പ്രവൃത്തികളിലും, യോഗ്യരായിരുന്നു അവരുടെ ഇടപാടുകളിലും അതുപോലെ അവരുടെ വഴികളിൽ വളരെ ദയയുള്ളവരും ആയിരുന്നു. ആൾക്കാരൊക്കെയും അവരുടെ സത്യസന്ധതയുടെ കാര്യങ്ങളിൽ വളരെ അഭിമാനിക്കുന്നവരും ആയിരുന്നു. എന്നാൽ ആരൊക്കെയാണ് ദൈവമുമ്പാകെ അവരുടെ നല്ല പ്രവൃത്തികളാൽ നീതീകരിക്കുന്നവർ, മനുഷ്യർ ധാർമ്മികതയും ദയയുള്ളവരും മഹാനുഭാവനായവനും ആയിരുന്നു, എന്നാൽ അവർ കളങ്കം ഉള്ളവരാണെന്നും നഷ്ടപ്പെട്ടവരാണെന്നും നരകയോഗ്യരായ പാപികളെന്നും രക്ഷകനെ ആവിശ്യമുള്ളവരാണെന്നും കണ്ടിരുന്നില്ല.

“ചൊവ്വായി തോന്നുന്ന” ചില വഴികൾ. നമ്മുടെ ശരീരത്തിലെ മനസ്സിനോട് അങ്ങിനെയുള്ള ചില വഴികൾ സംസാരിക്കുകയും അതുപോലെ തന്നെ ശുപാർശ നടത്തിക്കൊണ്ടിരിക്കയും മോചിച്ച് വഞ്ചിക്കപ്പെടുന്ന അനേകരുണ്ട് ഇന്ന്. പിശാചിന്റെ മറിമായം എന്നത് ജനത്തോടു പറയുകയാണ് നമ്മുടെ പ്രവൃത്തികളിൽ കൂടി രക്ഷപ്രാപിക്കാം, അതുപോലെ തന്നെ നമ്മുടെ പ്രവൃത്തികളാൽ നമുക്ക് നീതീകരണവും സാദ്ധ്യം ആണ്; എന്നാൽ, ദൈവം അവിടുത്തെ വചനത്തിൽ പറയുന്നത് - “കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിനും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവർത്തികളും കാരണമല്ല”. (എഫേ.2:8-9) അതുപോലെ തന്നെ വീണ്ടും പറയുകയാണ്, “അവൻ നമ്മെ നാം ചെയ്ത നീതിപ്രവർത്തികളാലല്ല തന്റെ കരുണപ്രകാരമത്രേ രക്ഷിച്ചത്”. (തീത്തോ. 3:5).

ആയിരക്കണക്കിന് പ്രിയപ്പെട്ടവർ, സണ്ടേസ്കൂളിലും മറ്റും പോയവർ, ജനത്തെക്കുറിച്ച് പഠിക്കുന്നവർ, യേശുവിന്റെ ജീവിതവും അതുപോലെ തന്നെ അവിടുത്തെ ഉപദേശങ്ങൾ അറിഞ്ഞവർ, അവിടുത്തെ വ്യക്തിത്വത്തിന്റെ ചരിത്രത്തെ വിശ്വസിക്കുന്നവർ, അവിടുത്തെ കല്പനകൾ പ്രായോഗികമായ രീതിയിൽ അംഗീകരിക്കുവാൻ ചിലപ്പോഴൊക്കെയും വളരെ ഉത്സാഹം കാണിക്കുന്നവരും, അതുപോലെ തന്നേ ആരൊക്കെയാണോ ചിന്തിക്കുന്നത് “അങ്ങനെയുള്ള” അതുതന്നേ വളരെ ആവിശ്യം ആയിരിക്കുന്നത് അവരുടെ രക്ഷയ്ക്കായിട്ടു. മിക്കവാറും, ഈ ക്ലാസ്സുകളിലുള്ളവർ മാനുഷത്വത്തിൽ വന്നു ചേരുമ്പോഴേയ്ക്കു അവർ ലോകത്തിലേയ്ക്കു പ്രവേശിക്കപ്പെട്ടു, നിരീശ്വരവാദികളുടെ എല്ലാ ആക്രമണങ്ങളെയും നേരിടുവാൻ സജ്ജരാകുകയും അതുപോലെ വേല സ്ഥലങ്ങളിൽ ഇങ്ങനെ ഒരു നസ്രായനായ യേശു ഒരിക്കലും ജീവിച്ചിരുന്നില്ലെന്നു പഴ കാലങ്ങളിലെ അഭിപ്രായങ്ങൾ ഒന്നും അത്ര വേഗത്തിൽ മായിച്ചു കളയുവാനും സാധ്യമല്ല, അതുപോലെ തന്നേ അവൾ അവരുടെ വിശ്വാസത്തിൽ വളരെ ഉറപ്പുള്ളവരായിട്ട് തന്നേ ഇരിക്കുന്നു. “യേശുക്രിസ്തുവിൽ അവർ വിശ്വസിക്കുന്നുവെന്നു”.

എന്നിട്ടു അവരുടെ വിശ്വാസശോധനയിൽ, വളരെ വ്യക്തമായിട്ടു കണ്ടെത്തുവാൻ കഴിഞ്ഞു. അവർ വിശ്വസിച്ചിരുന്ന അനവധി വസ്തുതകൾ യേശുക്രിസ്തുവിനെക്കുറിച്ചു എന്തിരുന്നാലും അവർ വാസ്തവമായിട്ടു വിശ്വസിച്ചിരുന്നില്ല അവനിൽ. അവർ അവരുടെ ബുദ്ധികൊണ്ടു വിശ്വസിച്ചിരുന്നു. അങ്ങനെ ഒരു വ്യക്തി ജീവിച്ചിരുന്നതായിട്ടു (എന്തുകൊണ്ടെന്നാൽ ഈ ഭാവനയിൽ അവർ ഇങ്ങനെ വിശ്വസിച്ചിരുന്നത് കൊണ്ടാണ് അവർ രക്ഷിക്കപ്പെട്ടിരിക്കുന്നത്), എന്നാൽ അവനെതിരായുള്ള യുദ്ധതന്ത്രങ്ങൾ

(ശേഷം 12-ാം പേജിൽ)

(10-ാം പേജിന്റെ തുടർച്ച)

ജാഗ്രതരാകുക ഒരു വ്യാജ സുവിശേഷത്തെ കുറിച്ച്

ഒന്നുംതന്നേ ഇതുവരേയും അവർ ഉപേക്ഷിച്ചിട്ടില്ല, അവ നിലേയ്ക്കു തന്നേ സമർപ്പിക്കപ്പെട്ടിരിക്കുന്നു, അതുമല്ല അവരുടെ ഹൃദയംകൊണ്ട് അവർ സത്യമായിട്ട് വിശ്വസിച്ചിരിക്കുന്നു.

വളരെ നഗ്നമായിട്ട് അംഗീകരിക്കപ്പെട്ടിരിക്കുന്ന മതാനുസാരികമായ ഉപദേശങ്ങളായ ക്രിസ്തുവിന്റെ വ്യക്തിത്വത്തെ കുറിച്ചുള്ളത് അത് അവന്റെ ഹൃദയത്തിന്റെ ഇടിപ്പുകൊണ്ട് നേടിയതും അവനായിട്ടു സമർപ്പിക്കപ്പെട്ടിരിക്കുന്ന ജീവിതവും അല്ലാത്തതിനാൽ, അത് മറ്റൊരു ശൈലിയായ വഴി (മാർഗ്ഗം) മാണ്. “ചിലപ്പോൾ ഒരു വഴി മനുഷ്യനു ചൊവ്വായി തോന്നും അതിന്റെ അവസാനമോ മരണവഴികൾ അത്രേ”.

നിങ്ങൾ എവിടെയാണ് നില്ക്കുന്നത്?

താങ്കൾ വാസ്തവമായിട്ടു ഉപേക്ഷിച്ചിരിക്കുന്നോ വിശാലമായ വഴി മരണത്തിലേയ്ക്കു ആണ് നയിക്കുന്നത്? നിങ്ങളുടെ ഹൃദയത്തിൽ ക്രിസ്തുവിനോടുള്ള സ്നേഹത്താൽ അവന് ഇഷ്ടം ഇല്ലാത്തതിനെയെല്ലാം വളരെ ഭീതിയോടെ വെറുക്കുവാൻ സാധിക്കുന്നുണ്ടോ? താങ്കളിൽ അവിടുന്നു “വാഴുമെന്ന്” ഉള്ള വലിയ ആഗ്രഹത്തിലാണോ (ലൂക്കോ.19:14)? അവിടുത്തെ നീതീകരണത്തിൽ പൂർണ്ണമായിട്ടു താങ്കൾ ആശ്രയിക്കുകയും അതുപോലെ രക്തത്താൽ ദൈവം സ്വീകരിച്ചിരിക്കുന്നു എന്നും?

എന്നിട്ടു വളരെ പ്രത്യേകമായ രൂപത്തിലുള്ള സാത്താന്റെ (പിശാചിന്റെ) സുവിശേഷം പ്രാസംഗികരിലേക്കു വന്നിട്ട് ക്രിസ്തുവിന്റെ പരമയാഗത്തിലുള്ള പ്രായശ്ചിത്തത്തെയും അതുപോലെ തന്നേ അവരുടെ കേൾവിക്കാരോട് പറയുകയാണ് ദൈവം എല്ലാത്തിൽ കൂടിയും ആവശ്യപ്പെടുന്നത് “വിശ്വസിക്കുക” അവന്റെ പുത്രനിൽ. അതുകൊണ്ട് ആയിരക്കണക്കിനുള്ള പശ്ചാത്താപ രഹിതരായവരുടെ ആത്മാക്കൾ പ്രലോഭിക്കപ്പെട്ടിട്ട് ചിന്തിക്കപ്പെട്ടിരിക്കുകയാണ്. അവരെല്ലാവരും രക്ഷിക്കപ്പെട്ടെന്ന്.

എന്നാൽ ക്രിസ്തു പറഞ്ഞിരിക്കുന്നത്, “മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെതന്നേ നശിച്ചുപോകും എന്നു ഞാൻ നിങ്ങളോടു പറയുന്നു” (ലൂക്കോ. 13:3). “മാനസാന്തരപ്പെടുക” എന്നാൽ പാപത്തെ വെറുക്കുക, അതിൽ ദുഃഖം ഉണ്ടാക്കുക, അതിൽനിന്നു അകന്നു മാറുക. ഇന്ന് ആത്മാവിന്റെ ഫലത്താൽ ഹൃദയത്തിന് ദൈവമുമ്പാകെ പശ്ചാത്തപിക്കുവാനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടുന്നു. തകർന്ന ഹൃദയത്തോടെ അല്ലാതെ ആർക്കും കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ച് രക്ഷപ്രാപിക്കുവാൻ കഴിയുകയില്ല.

ദൈവപുത്രൻ ഇവിടെ വന്നത് അവന്റെ ജനത്തിന്റെ പാപങ്ങളിൽ രക്ഷിപ്പാനല്ല, എന്നാൽ “അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാൻ അത്രേ”(മത്താ.1:21). “പാപങ്ങളിൽ നിന്നു രക്ഷിക്കുക”, ദൈവീക അധികാരത്തിന്റെ അറിവില്ലായ്മയും അതുപോലെ തിരസ്ക്കരിക്കലുകളിൽ നിന്നും ഉള്ള രക്ഷിക്കൽ ആണ്, ഇത് സ്വന്ത വിചാരങ്ങളെയും നമ്മെത്തന്നേ സന്തോഷിപ്പിക്കുന്ന പ്രവൃത്തികളേയും ഉപേക്ഷിക്കലും, നമ്മുടെ വഴികളെ ഉപേക്ഷിക്കുകയും ആണ് (യെശ.55:7). ഇത് ദൈവത്തിന്റെ പരമാധികാരത്തിന്റെ മുമ്പാകെയുള്ള സമർപ്പണം ആണ്, അവിടുത്തെ അധികാരത്തിലേക്കുള്ള സമർപ്പണം, നമ്മെത്തന്നേ നല്കുകയാണ്. അവിടുന്നു നമ്മെ ഭരിക്കുവാൻ വേണ്ടി. ആരാണോ ക്രിസ്തുവിന്റെ “നുകം” ചുമക്കുവാൻ ഒരുക്കം ഇല്ലാതെ ഇരിക്കുന്നവൻ, അവൻ ഒരിക്കലും സത്യമായിട്ടോ ആത്മാർത്ഥതയോടുകൂടിയോ അവനെ സന്തോഷിപ്പിക്കുവാൻ വേണ്ടി അറിഞ്ഞ് ഇറങ്ങിത്തിരിച്ചവൻ അല്ലതാനും. അതുപോലെ എല്ലാ ജീവിത സാഹചര്യങ്ങളിൽ കൂടിയും, എന്നിട്ടു അവൻ തന്നേതന്നേ കാണുന്നത് “അവൻ ക്രിസ്തുവിന്റെ പൂർത്തീകരിച്ച പ്രവൃത്തിയിൽ വിശ്രമിക്കുന്നു” എന്നാണ്, പിശാചിന്റെ വഞ്ചനപരമായ പദ്ധതികൾ.

മത്തായിയുടെ സുവിശേഷം 7-ാം അദ്ധ്യായത്തിൽ അവിടെ രണ്ട് വേദഭാഗങ്ങൾ നമുക്ക് നല്കുന്നുണ്ട്. ഒന്ന് ക്രിസ്തുവിന്റെ സുവിശേഷം. വേറൊന്ന് സാത്താന്റെ വ്യാജനാണയ തുട്ടു. ഇവിടെ രണ്ടിന്റെയും ഫലങ്ങൾ കാണാം. ഒന്നാമതായിട്ട് വാക്യം 13 ലും 14 ലും. “ഇടുക്കു വാതിലിലൂടെ അകത്തു കടപ്പിൻ, നാശത്തിലേക്കു പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും അതിൽകൂടി കടക്കുന്നവർ അനേകരും ആകുന്നു. ജീവങ്കലേയ്ക്കു പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവുമുള്ളതു; അതുകണ്ടെത്തുന്നവർ ചുരുക്കമത്രേ”.

രണ്ടാമതായിട്ട്, വാക്യങ്ങൾ 22-ഉം 23 ലും “കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കുകയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യ പ്രവൃത്തികൾ പ്രവർത്തിക്കയും ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോടു പറയും. അന്നു ഞാൻ അവരോട് ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടു പോകുവിൻ എന്നു തീർത്തു പറയും”.

എന്റെ വായനക്കാരാ, ക്രിസ്തുവിന്റെ നാമത്തിൽ പ്രവൃത്തിക്കുക എന്നുള്ളത് സാധ്യം ആണ്, അതുപോലെ അവന്റെ നാമത്തിൽ പ്രസംഗിക്കുവാനും സാധിയ്ക്കും, അതുപോലെ ലോകം നമ്മെ അറിഞ്ഞാലും, സഭ നമ്മെ അറിഞ്ഞാലും, ക്രിസ്തുവിനെ നമ്മെ അറിയത്തില്ല! അതുകൊണ്ട് ഇത് എത്രയോ ആവിശ്യം ആയിരിക്കുന്നു. സത്യത്തിൽ നാം എവിടെയാണ് നില്ക്കുന്നതെന്ന്; നമ്മുക്ക് തന്നേ ഒന്നു ശോധന ചെയ്യാം. അതുപോലെ നാം വിശ്വാസത്തിലാണോ എന്ന്, ദൈവവചനത്താൽ ഒന്നു നമുക്ക് തന്നേ ശോധന ചെയ്യാം, ദൈവ വിദഗ്ദ്ധനായ പിശാചിനാൽ നമ്മൾ വഞ്ചിക്കപ്പെട്ടിരിക്കുന്നു. എങ്കിൽ, മണ്ണിന്റെ മുകളിൽ നാം നമ്മുടെ വീട് പണിതിരിക്കുന്നുവെങ്കിൽ നാം കണ്ടെത്തിയിരിക്കുന്നു. അതോ പാറപുറത്ത് ആണോ. നാം പണിതുയർത്തിയിരിക്കുന്നു എന്നുള്ളത് - യേശുക്രിസ്തുവിൽ. പരിശുദ്ധാത്മാവു നമ്മുടെ ഹൃദയങ്ങളെ ഒന്നു അന്വേഷിക്കട്ടെ, നമ്മുടേതായ എല്ലാ ഇഷ്ടങ്ങളെയും ഒന്നു ഉടച്ച് തകർക്കുക, ദൈവത്തിന് എതിരായുള്ള ശത്രുതയെ തകർക്കുക, ആഴം ഉള്ളതും ശരിയായതുമായ ഒരു പശ്ചാത്താപം നമ്മളിൽ പ്രവർത്തിക്കട്ടെ, ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവകുഞ്ഞാടിനെ ലക്ഷ്യമാക്കി നമുക്ക് മുന്നോട്ട് പോകാം. അതുപോലെ അവന്റെ മേച്ചിൽ പുറങ്ങളെ നമുക്ക് കണ്ടെത്തുകയും ചെയ്യാം.

❖